T62
A67

സാമൂഹ്യ രസതന്ത്രം

T62
A67

ഇ.അയ്യർ

നാടിന്റെ രക്തസാക്ഷി

(ഗദ്യനാടകം)

T — 62
A 67

ഗ്രന്ഥകർത്താ:
ജെ. അരുർ



വിതരണക്കാർ:—
എസ്. എച്ച്. ലീഡ്,
ആലുവാ നോർത്ത് P. O.
ഫോൺ 93.

ഒന്നാംപതിപ്പ്, കോപ്പി ആയിരം.
ഡിസംബർ 1956
പകർപ്പവകാശം ഗ്രന്ഥകർത്താവിനു്.

"THE PLACE WHERE MEN SHOULD DIE"
(Stanza 5)

"But whether on the Scaffold high
Or in the battle's Van,
The fittest place where man can die
Is where he dies for man!

— *Michael Joseph Barry.*

Printed by Bro. C. F. Joseph at the J. M. Press,
Alwaye North P. O.

ജീവിതം ദൈവത്തിനും ജനങ്ങൾക്കും
വേണ്ടിമാറ്റിവച്ച
ഒരു മഹാത്യാഗി,
അമേരിക്കയിൽവച്ച് 1955 ജൂൺ 2-ാം തീയതി
ഘാതകരുടെ കത്തേറുമരിച്ച
ഒരു "രക്തസാക്ഷി"
റവ. ഡോക്ടർ ജോൺ ചിറമേൽ, M.A., D.D.,
(Cochin Diocese)
അവർകളുടെ
പാവനസ്മരണയ്ക്ക്.

ഇതിനകത്തു ജീവിക്കുന്നവർ

1. ദൈവത്തിന്റെ മഹത്വത്തിനുവേണ്ടിയും ജനങ്ങളുടെ ഉൽകർഷത്തിനുവേണ്ടിയും അഹോരാത്രം പണിയെടുക്കുന്ന കലാകാരനെ, സാമൂഹികപ്രവർത്തകനെ ഞെക്കിഞെരുക്കുന്ന ഭൂഷിച്ച പാരമ്പര്യമാണു നമുക്കുള്ളതു്. ഈ ഭൂഷിച്ച പാരമ്പര്യം ഉയർന്നവരുന്ന ജനതതിയുടെ മുമ്പിൽ വഴിമാറിക്കൊടുക്കേണ്ടിവരും. ഈ വഴിമാറിക്കൊടുക്കലിനുമുമ്പു് അവൻ മരിക്കുന്നെങ്കിൽ അതു് അവനെ സംബന്ധിച്ചിടത്തോളം ഒരു വിജയംതന്നെയാണു്. നമ്മുടെ **വക്കൻ സാറിനെ** പ്പറ്റിയും ഇതുതന്നെയാണു പറയാനുള്ളതു്.

2. വക്കൻ സാറിന്റെ അനുജനാണു് **വിൽസൺ.** സ്വന്തം വ്യക്തിത്വത്തെ വലിച്ചെറിഞ്ഞു്, ജീവിതലക്ഷ്യം വിസ്മരിച്ചു്, സമ്പത്തിന്റെ കോണിപ്പടികളും ചവുട്ടിക്കയറി, അവസാനം വഞ്ചകരുടെ പിടിയിൽ പെട്ടു് അടിയോടെ നിലംപതിക്കുന്ന ചില വിഡ്ഢികളുണ്ടു നമ്മുടെ നാട്ടിൽ. അവരിലൊരാളാണു വിൽസൺ.

3. വക്കൻസാറിനൊരു മകൻ — **ബേബി.** ഹൃദയംനിറയെ പ്രതീക്ഷകളും, മനംനിറയെ വേദനയും, വയറുനിറയെ പട്ടിണിയും പേറിക്കൊണ്ടു കോളേജിലേക്കു കയറിപ്പോകുന്ന വിദ്യാർത്ഥികളെ നിങ്ങൾ കണ്ടെന്നുവരാം. അവരിൽ നിങ്ങൾ സൂക്ഷിച്ചുനോക്കിയാൽ നിങ്ങൾക്കു ബേബിക്കുഞ്ഞിനെ കാണാം. പാവം!

4.5. ഡോക്ടറും, ശേഖരും. വഞ്ചന ഒരു ബിസിനസായി സ്വീകരിച്ചിട്ടുള്ള രണ്ടു ചങ്ങാതിമാർ. ആരെയൊക്കെ അപകടമേഖലയിലേക്കു തള്ളിവിട്ടാലും ശരി, സ്വ

ന്തം നിലപാട് സുരക്ഷിതമാക്കുവാൻ നാട്ടുനീളെ പാഞ്ഞുനട ക്കുന്ന രണ്ടു കമ്മ്യൂണിസ്റ്റുകാർ. അവരോട് നിങ്ങൾക്ക് അ മർഷം തോന്നിയേക്കാം. എങ്കിലും, അവരെയോർത്തു സഹ തപിക്കുകയാണു നല്ലതു്.

6. ധനവാന്റേയും പാവപ്പെട്ടവന്റേയും മദ്ധ്യേ ഞെരി പിരികൊള്ളുന്ന ഒരു പരമസാധുവാണു മാത്തു.

7. അധികം ഒച്ചപ്പാടുണ്ടാക്കാതെ അടങ്ങിയൊതുങ്ങി ജീവിക്കുന്നതോടൊപ്പം സാധുസംരക്ഷണം ചെയ്യുന്ന ഒരു സജ്ജനയൻ — ചാക്കോച്ചൻ.

8. മേപ്രത്തു് ഔസേപ്പച്ചൻ. ജീവിതത്തിലേ പ്രതി സന്ധികളുമായി ഏറ്റുമുട്ടി തളർന്നുനശിക്കുന്ന അനവധി ലക്ഷങ്ങളോടൊത്തു നാണമില്ലാതെ കരയുന്ന ഒരു ശ്രുഷ്ഠഗ തിക്കാരൻ.

9. മമ്മദ്. ചായക്കടയിൽ ഒരു നിശ്ചിതവരുപ്പില്ലാ തെ ഉദ്യോഗം വഹിക്കുന്ന ഒരു "ഫിഫ്റ്റിറിമോഡൽ" വേല ക്കാരൻ.

10. പുരോഹിതൻ.

അഭിനയത്തിനു ഗ്രന്ഥകർത്താവിന്റെ രേഖാമൂലമുള്ള അനുവാദം വേണം.

എനിക്കു പറയുവാനുള്ളതു്

നീറുന്ന സത്യങ്ങളും, പൊള്ളുന്ന പരമാർത്ഥങ്ങളും, അതിലേറെ ഹൃദയം നീറുന്ന അനുഭവങ്ങളും, ഇവയുടെ പശ്ചാത്തലത്തിലാണു് ഈ നാടകം രൂപംകൊണ്ടതു്.


'ലീജൻ ഓഫ് മേരിയെ' ഉന്നംവച്ചാണിതെഴുതിയതെങ്കിലും അല്പം ചില മാറ്റങ്ങളോടുകൂടി മറ്റു സംഘടനകളുടെ വാർഷികങ്ങളിലും അഭിനയിക്കത്തക്ക രീതിയിലാണു് ഇതിന്റെ ആവിഷ്കരണം.

മംഗലപ്പുഴ സെമ്മിനാരിയിലേ ബഹുമാനപ്പെട്ട ഡീക്കന്മാരാണു് ഈ നാടകം ആദ്യം അഭിനയിച്ചതു്. (13th Nov. 1956). അഭിനയിച്ചു കണ്ടു്, അവശ്യം വേണ്ട ചില മാറ്റങ്ങളും വരുത്തി — അതിനുശേഷമാണു് 'നാടിന്റെ രക്തസാക്ഷിയെ' നിങ്ങളുടെ പക്കലേക്കു പറഞ്ഞയക്കുന്നതു്. പാകപ്പിഴകളും ഇനിയും കണ്ടെന്നുവരാം. അതെല്ലാം അടുത്ത പതിപ്പിൽ പരിഹരിക്കാമെന്നു കരുതുന്നു.

ആത്മാർത്ഥമായ അനുമോദനങ്ങളും പ്രചോദനങ്ങളും നല്കി എന്നെ അനുഗ്രഹിച്ചവർ പലരാണു്. അവരിൽ എനിക്കു് ഒരിക്കലും മറക്കാനാവാത്ത ഒരു വ്യക്തിയുണ്ടു് — റവ. ഫാദർ വിക്ടർ, ഒ. സി. ഡി. അദ്ദേഹത്തിനു പ്രത്യേകമായും മറ്റുള്ളവർക്കു പൊതുവിലും എന്റെ ഹൃദയംഗമമായ കൃപ്പുകൈ.

ഗ്രന്ഥകർത്താ

കോയിമ്മാപറമ്പിൽ,
അരൂർ,
8th Dec. 1956.



നാടിന്റെ രക്ത സാക്ഷി

നാടിന്റെ രക്തസാക്ഷി

(ഗദ്യനാടകം)

രംഗം ഒന്ന്"

[മനോഹരമായ ജോളിഹൗസിലേ ഒരു സാധാരണ മുറി. യവനിക ഉയരുമ്പോൾ വേലക്കാരൻ മാത്തു — 36 വയസ്സ് — കീറിയമുണ്ടു തയ്യിച്ചുകൊണ്ടിരിക്കുന്നു].

മാത്തു: [സ്വഗതം] ഓ, തയ്യിച്ചു തയ്യിച്ചു നട്ടുവിന്റെ ഷെയ്പു മാറിപ്പോയി. എന്തുചെയ്യാം, ഞാനല്ലാതെ ആരു തയ്യിക്കും? എങ്കിലും, ഞാനാലോചിക്കയാണു്, ഒരു വീട്ടിൽ രണ്ടു കലം. എപ്പോഴും ശല്യമാണു്. [എഴുന്നേറ്റു ദൂരെ നോക്കിയിട്ടു] മണി ആറായിട്ടും ബേബിക്കുഞ്ഞു വരുന്നില്ലല്ലോ. സന്ധ്യവരെ കോളേജ് നടത്താൻ പോയാൽ അള്ള വിഷമിച്ചുപോകയേയുള്ളു. [വീണ്ടും തയ്യിക്കുന്നു].

[ബേബി മുറിവശത്തുകൂടെ വന്നു മാത്തുവിന്റെ തോളിൽ കിടക്കുന്ന തോർത്തു് അയാളറിയാതെ വലിക്കുന്നു. ബേബിയുടെ വേഷം ഒരു പാവപ്പെട്ട വിദ്യാർത്ഥിയുടേതു്].

മാത്തു: പോ പട്ടി കടിച്ചുകീറാതെ. ഇതൊന്നേയുള്ളു. [എഴുന്നേറ്റു തിരിഞ്ഞുനോക്കുന്നു] അയ്യോ കുഞ്ഞാണോ. ഞാനോർത്തു നമ്മുടെ പട്ടിയാണെന്നു്. കുഞ്ഞു വരാൻ

താമസിച്ചപ്പം ഞാൻ വിചാരിച്ചു വിശന്ന തലേംകറ ങ്ങി വല്ലയിടത്തും വീണിരിക്കുമെന്ന്.

ബേബി: മാത്തുച്ചേട്ടാ, തീയിൽ കരുത്തതു വെയിലത്തു വാടുമോ? നമ്മടെ ജനിച്ചുപോയി, മരിക്കുന്നതുവരെ ഇതെല്ലാം സഹിക്കണം.

മാത്തു: എന്നാ സഹിക്കാനാ. താമസിക്കുന്ന കെട്ടിടം കണ്ടാൽ കൊട്ടാരമെന്നു തോന്നും! പക്ഷേ, കുഞ്ഞും അപ്പനും പട്ടിണികിടന്നു ചാവുന്നു. കുഞ്ഞിന്റെ അപ്പനല്ലാതെ ഞാനായിരുന്നെങ്കിൽ കാണിച്ചുകൊടുക്കുമായിരുന്നു. ചിറപ്പൻ നടക്കുന്നു!

ബേബി: അതുതന്നെയാണു ഞാനും വിചാരിക്കുന്നതു്. എന്നാൽ, അപ്പന്റെ ആദർശം അനുവദിക്കണ്ടേ. പിന്നെ എല്ലാം കണ്ണുമടച്ചു സഹിക്കണം.

മാത്തു: എനിക്കൊന്നുമറിഞ്ഞുകൂടാ, ഇങ്ങനെ എത്രനാൾ ഇവിടെ ചിറപ്പന്റെ ആട്ടംകൊണ്ടു കഴിയുമെന്ന്. പട്ടാളത്തിൽ പോയി പണിയെടുത്തു പണമുണ്ടാക്കിയതു കുഞ്ഞിന്റെ അപ്പൻ. മയ്യാദയ്ക്കു് ഇങ്ങു തരാൻ പറയണം. [മുണ്ടു തയ്യൽ തുടരുന്നു].

ബേബി അപ്പൻ ഇന്നാളു ചോദിച്ചപ്പം പറഞ്ഞതു കേട്ടില്ലേ, അയച്ചുകൊടുത്ത പണമെല്ലാം വീട്ടുചിലവിനെടുത്തെന്ന്.

മാത്തു: അതെ, വീട്ടുചിലവു്!! ഈ കെട്ടിടം പണിതതു് ആരുടെ കാശുകൊണ്ടാ. കുഞ്ഞിന്റെ അപ്പന്റെ പണം.

ബേബി: അപ്പൻ ശുദ്ധനായിപ്പോയി. അന്നു വീട്ടിലുള്ളവർ പട്ടിണികിടക്കാതിരിക്കാൻ, കരുണതോന്നി പണംമുഴുവൻ വീട്ടിലേക്കയച്ചുകൊടുത്തു. ചിറപ്പനതെല്ലാം സ്വന്തമായി സമ്പാദിച്ചുണ്ടാക്കിയതാണെന്നാ ഭാവം. അപ്പൻ തിരിച്ചുവന്നപ്പം ആട്ടുകിടന്നിടത്തു പൂടപോലുമില്ല.

മാത്തു: കരുണയും സ്നേഹവും! കുഞ്ഞേ, ഇവന്മാരെ സ്നേഹിക്കാൻ തുടങ്ങിനടന്ന നേരത്തിനു പത്തു വാഴവച്ചിരുന്നെങ്കിൽ കുഞ്ഞിനു പട്ടിണികിടക്കണോ? ഒ, ഞാൻ പറയാമല്ലോ. ഞാൻ നിങ്ങടെ ചോറു തിന്നാണു കഴിയുന്നതു്. ഉണ്ടെങ്കിൽ തിന്നു, ഇല്ലെങ്കിൽ, തിന്നില്ല. എങ്കിലും മനുഷ്യനായാൽ ആണത്തം വേണം. അല്ലാതെ, സ്വന്തമാണു്, ചോരയാണു് എന്നൊക്കെ പ്രസംഗിച്ചു നടന്നാൽ പാത്രത്തിൽ ചോറു കാണത്തില്ല. കുഞ്ഞിന്റെ അപ്പനു സ്വന്തം വയറിന്റെ വിചാരമേയില്ല. നാട്ടു നന്നാകണം, സംസ്കാരമുയരണം എന്നൊക്കെ പ്രസംഗിച്ചാൽ നിങ്ങളിവിടെന്നു് ഇറങ്ങിക്കൊടുക്കേണ്ടിവരും.

ബേബി: കോളേജിലേ പഠനവും നിറുത്തേണ്ടിവരുമെന്നാണു തോന്നുന്നതു്.

മാത്തു: അയ്യോ, അങ്ങനെ മുറിച്ചു പറയല്ലെ. ഫീസൊന്നും കൊടുക്കേണ്ടല്ലോ, പിന്നെന്താ?

ബേബി: ഒരു പട്ടാളക്കാരന്റെ മകനായതുകൊണ്ടു ഫീസു കൊടുക്കേണ്ട. പക്ഷേ, ഉടുത്തൊണ്ടുപോകാൻ ഒരു മുണ്ടു വേണ്ടേ?

മാത്തു: മുണ്ടിനാണോ വിഷമം. ഞാൻ തരാമല്ലോ. ഞാൻ വീട്ടിലുള്ള, കുഞ്ഞേ. ഒരു തോർത്തായാലും മതി. കുഞ്ഞിന്റെ പേരിന്റെ മുമ്പിൽ എ. ബി. എന്നു രണ്ടക്ഷരമെഴുതിക്കണ്ടേച്ചു മരിച്ചാൽ മതി. [അല്പം ആലോചിച്ചിട്ടു്] അപ്പോഴേ കുഞ്ഞു് എന്നെക്കൊണ്ടു് ഈ ചരലൊക്കെ പെറുക്കിച്ചതെന്തിനാ.

ബേബി: ഓ മറന്നുപോയി. പയ്യെപറയൂ [ചുറ്റും നോക്കിയിട്ടു്] നമുക്കൊന്നു പറഞ്ഞിക്കണം.

മാത്തു: ആരെയാണപ്പാ. എന്നെയാണെങ്കിൽ, ഓ ഇപ്പോഴെ

തൊടങ്ങിക്കോ. [സൂചി കൈയ്യിൽ കൊണ്ടിട്ടു ഞെട്ടുന്നു] തുശി കൈയിലൊരു കടി.

ബേബി: ഇന്നലെ ചിറ്റപ്പനും ആ പാർട്ടിക്കാരും നമ്മുടെ മുമ്പിൽവച്ചു് ആ ഔലോസു തിന്നിട്ടു നമുക്കിത്തിരി തന്നോ?

മാത്തു: ഔലോസു് തൊണ്ടയിൽ കെട്ടിയാൽ വല്ല അക്കാരവു മുണ്ടാകുമെന്നു ചിറ്റപ്പനു മനസ്സിലായതുകൊണ്ടാണു കുഞ്ഞിനു തരാതിരുന്നതു്.

ബേബി: ഏതായാലും, ചേട്ടൻ ആ മണൽ ഔലോസ് ഭരണിക്കകത്തു് ഇട്ടേരു്. അവന്മാരു പാർട്ടിയോഗത്തിനു വരുമ്പം നല്ലവണ്ണം തിന്നട്ടെ.

മാത്തു: അവന്മാരുടെ പാർട്ടി! അവരാണു ചിറ്റപ്പനെ ചാട്ടേക്കേറുന്നതു്. അവരിന്നാളു് ഉപദേശിക്കയാണു കുഞ്ഞിനേയും കുഞ്ഞിന്റെ അപ്പച്ചനേയും ഇവിടെ നിന്നു കളഞ്ഞാലേ ഗതികിട്ടുള്ളെന്നു്.

ബേബി. ഒരുവീട്ടിൽ രണ്ടു കുഞ്ഞി വയ്ക്കുന്നതിൽ ഭേദം ഇവിടെ നിന്നിറങ്ങി പോകുകയാണു്. [ചിന്താധീനനായി] അവരു്, പർട്ടിക്കാർ സമുദായമുയർത്താൻ നടക്കുന്നു!

മാത്തു: ഇന്നാളു് ആ ദ്രോഹികളും, എന്റെ കണ്ണുകൊണ്ടു കണ്ടതാ, കുഞ്ഞിന്റെ അപ്പനെഴുതിയ ആ പുസ്തകമുണ്ടല്ലോ, എന്തോന്നാ അതിന്റെ പേരു്?

ബേബി "നാടിന്റെ നാവു്".

മാത്തു: അയ്യോ, ആ പുസ്തകം അവരു വലിച്ചുകീറിക്കളഞ്ഞു. എനിക്കെന്തരിശംവന്നെന്നോ? ഓടിച്ചെന്നു രണ്ടു തൊഴിക്കൊടുക്കാൻ തോന്നി. പക്ഷേ, കുഞ്ഞേ, എന്റെ ആരോഗ്യവും നോക്കണ്ടേ? അല്ലെങ്കിൽ, ഞാൻ ഒന്നിനെ തൂക്കിയെടുത്തു മറ്റൊന്നിനിട്ടടിച്ചേനേ. ഗതികെട്ട ശവങ്ങൾ!

ബേബി: അങ്ങനെ പറയല്ലേ.

മാത്തു: എന്താ അങ്ങനെ പറഞ്ഞാൽ. തെറി തന്നുവേണമെങ്കിലും പറയാം. പക്ഷേ, ഉള്ളിക്കൊണ്ടു പറയാതിരുന്നാൽമതി. ഒരു ദോഷവുമില്ലെന്നേ.

ബേബി: ചേട്ടൻ കേട്ടോ, ആ പുസ്തകത്തിന്റെ രണ്ടായിരം കോപ്പിയാണ് ഒരു മാസംകൊണ്ടു ചിലവായതു്.

മാത്തു: എന്നിട്ടു് ഈ പണമൊക്കെ എന്തേ? ഇവിടെ ഇപ്പോഴും പട്ടിണിയും ദീർഘശ്വാസവുമാണല്ലോ.

ബേബി: അതു വേറൊരുക്കൂട്ടർ. പ്രസാധകർ. ഇന്നലെ ഞാനവിടെക്കേറി അഞ്ചു രൂപാ ചോദിച്ചു. ഒരു പാരുട്ടപ്പു വാങ്ങാൻ. അവിടെ അപ്പടി പഞ്ഞമാണെന്നപോലും!

മാത്തു: കുഞ്ഞിന്റെ അപ്പനും അപ്പൻ ഇടപെടുന്നവരും എല്ലാം പട്ടിണിക്കാരാ. കണ്ടില്ലേ എന്റെ സ്ഥിതി. വലിയ തറവാട്ടിലേ വേലക്കാരനാ! കുഞ്ഞിനെ കണ്ടില്ലേ. കോളേജിൽ പഠിക്കുവാനു് എഴുതി നെറയ്ക്കു പറയ്ക്കണം.

ബേബി: മാത്തുച്ചേട്ടാ, ആനയ്ക്കു മണികെട്ടണോ?

മാത്തു: വേണ്ടായിരിക്കും. പക്ഷേ, എനിക്കു കെട്ടണ്ടേ? എത്ര നാളായി ഒന്നാണുങ്ങളെപ്പോലെ നടന്നിട്ടു്.

ബേബി: അതിനാണോ വിഷമം? ചിറപ്പനോടു ചോദിക്കണം. വെറുതെയല്ലല്ലോ പണിയെടുക്കുന്നതു്.

മാത്തു: ചിറപ്പൻ നല്ലപുള്ളിയാ. ഇന്നാളു് അഞ്ചു രൂപാ കടം ചോദിച്ചപ്പം പറകയാ, "നീയും നിന്റെക്കൂടെ ആ അപ്പനും മകനും ഇറങ്ങിയാലേ ഇവിടെ ഗതികിട്ടുള്ളു എന്നു്" ഞാൻ പട്ടി കടപ്പുറത്തു പോയപോലെ ഒന്നും മിണ്ടാതെ ഇങ്ങുപോന്നു.

ബേബി: മാത്തുച്ചേട്ടാ, താൻ എന്തിനു ഞങ്ങളെപ്പറ്റി ഇത്ര ബുദ്ധിമുട്ടുന്നു. ഞങ്ങൾ, പാവങ്ങൾ. പണമില്ലാത്തവർ. താൻ ചിറപ്പന്റെകൂടെ വശത്തിനുനിന്നു കിട്ടുന്നതൊക്കെ വാങ്ങിച്ചു സുഖമായി കഴിയണം.

മാത്തു: അങ്ങനെ പറയല്ലേ കുഞ്ഞേ. ഇന്നും ഇന്നത്തോടല്ലാതെ ചേരുമോ. ഞാനും ഒരു പഴയ തറവാട്ടുകാരനാ. പക്ഷേ, പണവുമില്ല, പഠിപ്പുമില്ല. ഒന്നു ചെന്നുനോക്കു കുഞ്ഞേ, ആ പാണ്ടോന്റെ പറമ്പിൽ ഒപ്പൊങ്ങിനില്ക്കുന്ന ബിത്തികൾ. ഞങ്ങളുടെ തറവാടിൻറവശിഷ്ടമാണത്. ഞാനങ്ങനെ പോകുമ്പോൾ കരഞ്ഞുപോകും.

ബേബി: കഴിഞ്ഞതൊക്കെ പോകട്ടെ. എനിക്കിപ്പോൾ വിശക്കുന്നല്ലോ.

മാത്തു: അങ്ങനെ ചോദിക്കു. മാത്തു വിചാരിച്ചാൽ ഉലകത്തിൽ നടക്കാത്തതു വല്ലതുമുണ്ടോ? ഒരു, കാപ്പി എടുത്തുവച്ചിട്ട് എത്രനേരമായി. ഒരേത്തയ്ക്കായുമുണ്ട്. അതു ചിറപ്പനെ കാണാതെ കുഞ്ഞിനു കാത്തുവച്ചിരുന്നതാണ്.

ബേബി: ഞങ്ങളുടെ കോളേജിൽ ഏത്തയ്ക്കായുടെ ഗുണത്തെപ്പറ്റിയും മുട്ടയിലടങ്ങിയിരിക്കുന്ന വിറ്റാമിനെപ്പറ്റിയുമൊക്കെ പഠിപ്പിക്കും. പക്ഷേ, ഞാനതെല്ലാം ഭാവനയിൽമാത്രം അനുഭവിച്ചങ്ങനെ കഴിയും.

മാത്തു: അതാണു ഞാൻ പറയുന്നത്, ഗ്രന്ഥത്തിലേ പത്തു പുല്ലുതിന്നുമോ കുഞ്ഞേ.

ബേബി: പുല്ലായാലും തിന്നാൻ പറ്റിയതായിരുന്നെങ്കിൽ!

[ബേബിയുടെ പിതാവു വക്കൻസാർ — 55 വയസ്സ് — പ്രവേശിക്കുന്നു. കഠിനദുഃഖത്തിന്റെ പ്രേരണകൾ ആ മുഖത്തു നിഴലിക്കുന്നുണ്ട്.]

വക്കൻസാർ: ജീവിതത്തിൽ പുല്ലുതിന്നേണ്ടിവരുന്ന സമയത്തു് അതും തിന്നണം. അതാണു ജീവിതത്തിലെ വിജയം. [ബേബി പോകുന്നു.]

മാത്തു: വിജയം പറഞ്ഞിരുന്നാൽ വയറ്റിൽ കാറ്റു മാത്രമേ ശേഷിക്കയുള്ളൂ. എന്റെ ചേട്ടാ, ഉള്ളതുപറഞ്ഞാൽ, ഈ ആദർശംകൊണ്ടു നടന്നാൽ അടുപ്പിൽ തീ പുകയില്ല.

വക്കൻ: ആദർശം ഒന്നുമില്ലാഞ്ഞിട്ടും എത്രയോ ആളുകൾ മുഴപ്പട്ടിണിയിൽ കഴിയുന്നു. മാത്തു, നിനക്കു് ഇവിടത്തെ പട്ടിണിയേപ്പറ്റിയേ ചിന്തയുള്ളൂ. നമ്മുടെ നാട്ടിൽ എത്രയോ പാവങ്ങൾ ദുരിതമനുഭവിച്ചു കഴിയുന്നു. ഇന്നും ഞാൻ നാലഞ്ചു വീടുകളിൽ കയറിയിറങ്ങിയാണു പോന്നതു്.

മാത്തു: കണ്ട വീടുകളിൽ കയറിയിറങ്ങി നടക്കുന്നതുകൊള്ളാം. പക്ഷേ, കുടുംബത്തു മൊതലുണ്ടായിരിക്കണം.

വക്കൻ: മുതലുണ്ടാക്കുന്നതിനാണോ ഇത്ര വിഷമം. നിനക്കു കേൾക്കണോ, എനിക്കു മിലിറ്ററിയിൽ ഡ്രൈവിംഗ് ആയിരുന്നപ്പം ഫീൽഡിൽ മരിച്ചുവീണ എത്രെണ്ണത്തിനെയാണു് എന്റെ ലോറിയിൽ കയറ്റിക്കൊണ്ടുവന്നതു്! എല്ലാവരുടെ കഴുത്തിലും മാല. എല്ലാവർക്കും വാച്ചു്. അന്നു സമ്പാദിക്കാനാണെങ്കിൽ.

മാത്തു: അന്നു സമ്പാദിച്ചിരുന്നെങ്കിൽ ഇന്നു ചേട്ടന്റെ മകൻ മുഴപ്പട്ടിണിക്കു കോളേജിൽ പോകേണ്ടിവരുമായിരുന്നോ?

വക്കൻ: അതേ, ഞാനൊന്നും എനിക്കുവേണ്ടി ചെയ്തില്ല. എല്ലാവരുടേയും നന്മയാണു ഞാനാഗ്രഹിച്ചതു്. എന്റെ മാത്തു, ചത്ത ശവത്തെ കുത്തുവാനും, പാവങ്ങൾ എരിപൊരികൊള്ളുമ്പോൾ അതു കണ്ടുകൊണ്ടു വയറുനിറയേ

ആഹാരം കഴിക്കുവാനും എന്റെ ആദർശം എന്നെ അനു
വദിക്കുകയില്ല.

മാത്തു: ചേട്ടാ, ഞാനധികമൊന്നും പഠിച്ചിട്ടില്ല. എങ്കിലും, എനിക്കുമറിയാം തെക്കു വടക്കും. ആദർശമൊക്കെ പ
ണക്കാർക്കുള്ളതാണു്. ആദ്യം പണം. പിന്നെയാണു് ആദർശം. ഇന്നു് ഈ കോങ്കരസിലും ഐമുവിലുമൊക്കെ
കൂടിയിരിക്കുന്നവരാരാ? കാശുള്ളവരല്ലേ മിക്കവരും. തൊഴിലില്ലാത്തവർക്കൊരു തൊഴിലുവേണ്ടേ. അതിരി
ക്കട്ടെ, ഇന്നു കഞ്ഞി വയ്ക്കണമെങ്കിൽ അരി വാങ്ങണം. അനിയന്റെ കഞ്ഞിയൊക്കെ ശരിപ്പെടുത്തിയേച്ചു ഞാ
നീ നിപ്പു നിക്കണതു്.

വക്കൻ: എടാ ബേബീ. [ബേബി പ്രവേശിക്കുന്നു.] നീ ആ പ്രസാധകനെ കണ്ടു രൂപാ ചോദിച്ചില്ലേ.

ബേബി: ഞാൻ ചോദിച്ചു. അയാൾ ഇല്ലെന്നു പറയാൻപോ
യിട്ടു് അതുതന്നെ പറഞ്ഞുകളഞ്ഞു.

വക്കൻ: അതെ, അയാൾക്കുമുണ്ടു് ആവശ്യങ്ങൾ.

മാത്തു: മനുഷ്യരുടെ ആവശ്യങ്ങൾ തീരാത്തതാണു്. അതെ
ല്ലാം സാധിക്കുന്നതുവരെ കാത്തിരുന്നാൽ അധികം താ
മസിക്കേണ്ട അപ്പനും മകനും ശെമിത്തേരിയിലേക്കു പോകാൻ.

ബേബി: അപ്പാ, നമ്മളിങ്ങനെ എത്രനാൾ ജീവിക്കും. എനി
ക്കാണെങ്കിൽ ഒരു പാരുട്ടപ്പുപോലുമില്ല. ഇന്നും എന്നെ
കുട്ടികൾ കളിയാക്കി. പഠനം നിറുത്തി വല്ല ജോലിക്കും
പോയാൽ....

വക്കൻ: ബേബീ, കഷ്ടപ്പെട്ടു പഠിക്കുന്നതിലാണു യോഗ്യത. ഒരു ധനവാൻ കക്കുന്നില്ലെങ്കിൽ അയാളെ പ്രശംസി
ക്കാനൊന്നുമില്ല. കാരണം, അയാൾക്കു് ആവശ്യത്തിനു
ണ്ടു്. എന്നാൽ, ഒരു പാവപ്പെട്ടവൻ ഉള്ളതുകൊണ്ടു തൃപ്തി

പ്പെട്ട മാനമായും മര്യാദയായും ജീവിക്കുന്നതിലാണു വി
ജയം. അവനാണു മഹാൻ. അതുമല്ല, കഷ്ടപ്പെട്ടാൽ മാ
ത്രമേ, നമ്മോടുകൂടി ഉരിതമനുഭവിക്കുന്ന അനേകലക്ഷം
ജനങ്ങളുടെ ഹൃദയവികാരങ്ങളോടു അലിഞ്ഞുചേരുവാ
നുള്ള സന്നദ്ധത നമുക്കുണ്ടാകുകയുള്ളു. കഷ്ടം! പാവ
ങ്ങൾ!

മാത്തു: എന്റെ ചേട്ടാ, പാവങ്ങൾ, പാവങ്ങളെന്നു പറ
ഞ്ഞാൽ ഒന്നും നടക്കാൻപോകുന്നില്ല. അല്ലെങ്കിലും പാ
വങ്ങളെന്നൊരുക്രൂട്ടർ എന്നും ലോകത്തിൽ കാണും. ന
മ്മൾ വിചാരിച്ചാൽ വല്ലതും നടക്കുമോ?

വക്കൻ: അവിടെയാണു നിനക്കും തെറ്റുപറ്റിയതു്. ഇന്നു
കാണുന്ന പാവങ്ങളിൽ ഒരു വലിയഭാഗം ഒരുക്രൂട്ടം ജന
ങ്ങളുടെ വ്യാമോഹത്തിന്റേയും പിടിച്ചുപറിയുടേയും
ഫലമാണു്.

ബേബി: ചിറപ്പൻ പിടിച്ചുപറിച്ചില്ലായിരുന്നെങ്കിൽ....

വക്കൻ: എടാ, തെറ്റു ചെയ്യാത്ത മനുഷ്യരുണ്ടോ? അവരോടു
ബലം പ്രയോഗിക്കുകയല്ല വേണ്ടതു്. അവരുടെ തിരിച്ചു
വരവിനുവേണ്ടി നാം കാത്തിരിക്കണം.

മാത്തു: ചേട്ടാ, ഇതെല്ലാം തനി ആദർശമാണു്. അരി വയ്ക്കാൻ
പറ്റാത്ത ആദർശം. ആദർശം കൊണ്ടിരുന്നാൽ ഈ
കുഞ്ഞു വെശന്നു 'ബ്രിഗലിച്ചു'പോകും.

വക്കൻ: മറ്റുള്ളവർക്കുവേണ്ടി ത്യാഗം സഹിക്കുന്നതിലായി
രിക്കണം നമ്മുടെ ആനന്ദം. ഈ ലോകത്തിൽ നാം എ
ത്രനാൾ ജീവിക്കും! അതിനിടയിൽ നാം ജീവിക്കുന്ന
ലോകത്തിനു് എന്തുകൊടുക്കുവാൻ സാധിക്കും! നമ്മളോ
ടുകൂടി ജീവിക്കുന്നവർക്കുവേണ്ടി അല്പം സഹിക്കുന്നെ
ങ്കിൽ അങ്ങനെയെങ്കിലും നമുക്കു കൃതാർത്ഥരാകാം.

ബേബി: അപ്പനിന്നു വല്ലതും കഴിച്ചോ? മാത്തുച്ചേട്ടൻ എനിക്കല്പം കാപ്പിതന്നു.

വക്കൻ: എന്തു കുടിക്കുമെന്നോ എന്തു തിന്നുമെന്നോ നീ വ്യാകുലപ്പെടേണ്ട. ജനങ്ങൾക്കുവേണ്ടി നാം ജീവിക്കുന്നു. തീർച്ചയായും ജനങ്ങൾ നമ്മെ രക്ഷിക്കാതിരിക്കയില്ല. ഇന്നാവികാരിയച്ചൻ നല്ലൊരു കാപ്പിതന്നു. എനിക്കു വേണ്ടെന്നു പറഞ്ഞിട്ടു സമ്മതിക്കേണ്ട.

മാത്തു: കേട്ടോ ചേട്ടാ. എന്തൊരു തങ്കപ്പെട്ട അച്ചനാണെന്നോ! മുമ്പു വന്നവരെപ്പോലെയല്ല. ഇന്നാളു ഞാനങ്ങു ചെന്നപ്പം ഉടനെ ഇരിക്കാനാ പറഞ്ഞതു്. വാസ്തവം പറഞ്ഞാൽ എനിക്കു നാണം വന്നുപോയി.

വക്കൻ: അദ്ദേഹത്തിനു് എന്തൊരു സമഭാവന. എല്ലാവരോടും മക്കളെപ്പോലെയാണു പെരുമാറുന്നതു്. ലോകം നന്നാക്കാൻ ഇങ്ങനെ പത്തച്ചന്മാരുണ്ടായിരുന്നെങ്കിൽ മതി.

മാത്തു: പത്തെന്തിനാ, അഞ്ചുമതിയായിരുന്നു. അതൊക്കെയിരിക്കട്ടെ. ചേട്ടനറിഞ്ഞോ, ഇന്നിവിടെ ഒരു ബോമ്പു പൊട്ടി. അനിയന്റെ ഭാഗ്യമില്ലേ, അവരങ്ങു പിണങ്ങിക്കുട്ടംബത്തു പോയിരിക്കുവാ. ഇനി വരില്ലെന്നാണു കേട്ടതു്.

വക്കൻ: [അല്പം പരിഭ്രമത്തോടെ] ങ്, അതെന്തോ.

മാത്തു: അതല്ലേ ഞാൻ പറഞ്ഞുവരുന്നതു്. നിങ്ങൾ അപ്പനും മകനും ഇവിടെ താമസിക്കുന്നതു് അവക്കിഷ്ടമില്ലെന്നു്. നിങ്ങൾ ഇവിടെനിന്നിറങ്ങിയാലേ അവരിങ്ങു വരുള്ളെന്നു്.

ബേബി: അപ്പാ, നമ്മൾ ഇവിടെ അട്ടകൊണ്ടു് എത്രനാൾ കഴിയും. വല്ലിടത്തും പോയിരുന്നെങ്കിൽ.

വക്കൻ: വേണ്ടിവന്നാൽ പോകുകതന്നെവേണം. അല്ലെങ്കിൽ, ഹൃദയത്തിൽ പിശാചുക്കൾ കയറിപ്പറ്റും. ഇതിലും ഭേദം വല്ല ചെറിയകുടിലിലും താമസിക്കുന്നതാണെന്നു ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ട്. ബേബി, നിനക്കു നാളെ പരീക്ഷയല്ലേ?

ബേബി: നാളെ 'ബോട്ടണി'യാണ്.

മാത്തു: എന്നാ പോട്ടണിയായാലും കഞ്ഞിവയ്ക്കാനരി വേണം.

വക്കൻ: ബേബീ, നീ പോയിരുന്നു വായിച്ചോ. എനിക്കൊരു ലേഖനം എഴുതിത്തീർക്കുവാനുണ്ട്. നീ ആ കടലാസും പേനായും ഇങ്ങെടുത്തേ. ലേഖനം നാളെയെങ്കിലും അയച്ചില്ലെങ്കിൽ മാസികക്കാർ ശല്യമുണ്ടാക്കും.

മാത്തു: അതിന്റെ മൂലയിൽ ഇന്നിവിടെ കഞ്ഞിവയ്ക്കാത്ത കായ്ംകൂടി എഴുതിച്ചേർക്കണം. എല്ലാരുമറിയട്ടെ ഇന്നിവിടെ കഞ്ഞിവയ്ക്കാത്തകായ്ം. ചേട്ടാ, ചേട്ടൻ എഴുതിയെഴുതി കഞ്ഞികുടിക്കാതെ മരിക്കും.

വക്കൻ: ഞാനും എന്നെപ്പോലുള്ളവരും എഴുതിയെഴുതി മരിക്കണം. മറുള്ളവർ സുഖമായി ജീവിക്കുവാൻവേണ്ടി ഞങ്ങൾ മരിക്കണം.

[യവനിക]

രംഗം രണ്ട്

[ഒന്നാം രംഗത്തിൽ കാണിച്ച മുറി. വക്കൻസാർ ലേഖനമെഴുതിക്കൊണ്ടിരിക്കുന്നു. വാതുക്കൽ ആരോ മുട്ടുന്നു.]

വക്കൻ: കടന്നു വരാമല്ലോ.

[സ. ശേഖർ — 40 വയസ്സ് — ഡോക്ടർ ജോർജ് — 42 വയസ്സ്, — പ്രവേശിക്കുന്നു.]

ഡോക്ടർ: ഇവിടെ വരുമ്പോഴൊക്കെ വിചാരിക്കുന്നതാണു നിങ്ങളെ കാണണമെന്നും സംസാരിക്കണമെന്നുമൊക്കെ.

ശേഖർ: അനിയൻ മി. വിൽസൺ ഇവിടില്ലേ?

വക്കൻ: അവനിപ്പം വരുമെന്നാ തോന്നുന്നതു്. ഇങ്ങോട്ടിരിക്കണം.

ഡോക്ടർ: സാറിന്റെ ലേഖനങ്ങളൊക്കെ ഞാനും വായിക്കാറുണ്ടു്. വളരെ നന്നായിട്ടുണ്ടു്.

വക്കൻ: സാധാരണക്കാരുടെ ഉയർച്ചയ്ക്കുവേണ്ടി എഴുതപ്പെട്ടുന്ന എന്റെ ലേഖനങ്ങൾ നിങ്ങളെപ്പോലുള്ള മുതലാളിമാർക്കു പിടിക്കുമോ?

ശേഖ: സാറേ, ഞാനൊരു കാര്യം പറയാം. പാവങ്ങളെന്നും സാധാരണക്കാരെന്നും പറഞ്ഞാൽ എന്തൊരു ഗതിയാണു കിട്ടുക.

ശേഖ: എന്തിനു സാറിങ്ങനെ പട്ടിണി കിടന്നു മരിക്കുന്നു.

വക്കൻ: എനിക്കു ജീവിക്കുന്നതിൽ കൂടുതൽ സാധുക്കൾക്കുവേണ്ടി ജോലിചെയ്തു മരിക്കുന്നതിലാണു സന്തോഷം.

ഡോക്ടർ: സാർ, ഞങ്ങൾ പറയുന്നതു കേട്ടേ. ഞങ്ങൾ നിങ്ങ

ശിക്കുന്നതുപോലെ ഞങ്ങളുടെ പാർട്ടിക്കുവേണ്ടി കുറെ ലേഖനങ്ങളെഴുതിത്തന്നാൽ ഓരോ ലേഖനത്തിനും നല്ല തുക പ്രതിഫലം തരാം.

ശേഖ: അതുമാത്രമോ, അടുത്ത ഇലക്ഷനോടുകൂടി ഞങ്ങളുടെ പാർട്ടി ഭരണത്തിൽ വരുമ്പോൾ നിങ്ങൾക്കും നിങ്ങളുടെ മകനും നല്ല ഉദ്യോഗവും തരാം.

വക്കൻ: സഖാക്കളേ, നിങ്ങളുടെ പണം! നിങ്ങളുടെ ഉദ്യോഗം! ആർക്കു വേണം ഇതെല്ലാം. പണം! ഒരു കലാകാരൻ, ഒരു സാമൂഹികപ്രവർത്തകൻ, നാണയത്തുട്ടുകളുടെ കിലുക്കങ്ങൾ കേട്ടു ഭ്രമിക്കുന്നവനല്ല. അവന്റെ കഴിവുകൾ കച്ചവടസാധനമായി തരംതാഴ്ത്തുന്ന നിങ്ങൾ, നിങ്ങൾ ചെയ്യുന്നതു കൊലപാതകമാണ്. "എല്ലാം കച്ചവടസാധനങ്ങൾ. കുറേപ്പേരുടെ സുഖത്തിനും ലാഭത്തിനും വേണ്ടി വിറ്റഴിക്കപ്പെടുന്ന കച്ചവടസാധനങ്ങൾ!" നിങ്ങളെപ്പോലുള്ളവർ നന്നായാലേ മനുഷ്യതപം ഉയരുകയുള്ളൂ.

ശേഖ: സാറിന്റെ കലാബോധം കാണാൻ ഞങ്ങൾക്കും കഴിയും. സ്വന്തം കിടപ്പിടംപോലുമില്ലാതെ തെണ്ടിത്തിരിയുന്ന കലാകാരൻ.

വക്കൻ: തെണ്ടുന്നതിൽ എനിക്കു പരിഭവമില്ല. ജനങ്ങളുടെ, പ്രത്യേകിച്ചു്, പാവപ്പെട്ട ജനങ്ങളുടെ മാനസികമായ ആരോഗ്യത്തിനും സാമ്പത്തികവും സാംസ്കാരികവുമായ ഉയർച്ചയ്ക്കുംവേണ്ടി അഹോരാത്രം പണിയെടുക്കുന്ന കലാകാരന്മാരെ, സാമൂഹികപ്രവർത്തകരെ ഞെക്കിഞെരുക്കുന്ന പാരമ്പര്യമാണു നമ്മുടേതു്. ഈ ദുഷിച്ച പാരമ്പര്യം വളർന്നുവരുന്ന ജനങ്ങളുടെ ഉയർച്ചയുടെ മുമ്പിൽ വഴിമാറിക്കൊടുക്കുകതന്നെ ചെയ്യും. അതുവരെ അവൻ കാത്തിരിക്കേണ്ടിവരും. ഈ കാത്തിരിക്കലി

നിടയിൽ അവൻ മരിക്കുമെങ്കിൽ, ആ മരണം അവനെ സംബന്ധിച്ചിടത്തോളം ഒരു വിജയംതന്നെയാണു്.

ഡോക്ടർ: സാറെ, നിങ്ങൾക്കു ഭ്രാന്താണെന്നു തോന്നുന്നല്ലോ. ഇതൊക്കെ തനി ഭ്രാന്തിന്റെ ലക്ഷണങ്ങളാണു്.

വക്കൻ: അതെ, എനിക്കു ഭ്രാന്താണു്. സ്വന്തം നിലപാടു സുരക്ഷിതമാക്കാൻ, പാവങ്ങളുടെ പേരും പറഞ്ഞു് ഇസത്തിന്റെയും പാർട്ടിയുടേയും പശ്ചാത്തലത്തിൽ ജനങ്ങളെ മോഹിച്ചു്, സ്വന്തം നാടിനെ വിദേശാധിപത്യത്തിനു് അടിയറവയ്ക്കുവാൻ ഒരുമ്പെടുന്ന നിങ്ങളെപ്പോലുള്ളവർ ഉള്ളിടത്തെല്ലാം എന്നെപ്പോലുള്ള ഭ്രാന്തന്മാരെ കാണാം. അതെ, ഹൃദയമുള്ളവൻ, ആത്മാർത്ഥതയുള്ളവൻ എക്കാലത്തും ചിലരുടെ മുമ്പിൽ ഭ്രാന്തന്മാരായിരിക്കും.

ശേഖ: അപ്പോൾ എനിക്കൊന്നു ചോദിക്കാനുണ്ടു്. ഇന്നു തൊഴിലാളികളിൽ കാണുന്ന ദേശീയപ്രബുദ്ധത ഇവിടത്തെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രയത്നത്തിന്റെ ഫലമല്ലെങ്കിൽ പിന്നെയാരുടേതാണു്? സാധുജനങ്ങളുടെമേൽ മുതലാളികൾ അടിച്ചേല്പിച്ച അടിമത്വത്തെ തകർത്തുകളഞ്ഞതു ഞങ്ങളുടെ പാർട്ടിയല്ലെങ്കിൽ പിന്നെയാരാണു്.

വക്ക: കമ്മ്യൂണിസ്റ്റുപാട്ടിയുടെ പ്രയത്നഫലം! ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാട്ടിയുടെ ചരിത്രം ഇവിടെ പറയാതിരിക്കുകയാണു നല്ലതു്. ഇവിടെ സ്വാതന്ത്ര്യത്തിനുവേണ്ടി ദേശീയ നേതാക്കൾ ഉഗ്രസമരം നടത്തിക്കൊണ്ടിരുന്നപ്പോൾ നിങ്ങളെപ്പോലുള്ള മുതുനാടൻപിടിച്ചുവെപ്പുകാർ പിന്തിരിപ്പരായി, കൗശലപൂർവ്വം പിൻവാങ്ങി പ്രത്യാക്രമണത്തിനു സൗകര്യവും സന്ദർഭവും കാത്തു. ഇൻഡ്യൻസ്വാതന്ത്ര്യം കൈവന്നതിനുശേഷം, തക

നുകൊണ്ടിരുന്ന ഇൻഡ്യൻഫ്യൂഡലിസത്തിന്റെ സ്ഹായത്തോടുകൂടി നാട്ടിൽ അങ്ങുമിങ്ങും ഓടിനടന്ന കൂട്ടക്കൊലയും കവർച്ചയും കൊള്ളിവയ്പും നടത്തി.

ഡോക്ടർ: അതിന്റെയൊക്കെ ഫലമാണ് ഇന്നു തൊഴിലാളികൾ അനുഭവിക്കുന്ന സുഖങ്ങൾ. ബോണസും അലവൻസും ശരിക്കു കിട്ടുന്നതു വെറുതെയല്ല.

വക്കൻ: തൊഴിലാളികൾ സുഖമനുഭവിക്കുന്നു! ഇന്നലെവരെ സമാധാനത്തോടുകൂടി കഴിഞ്ഞിരുന്ന ആ പാവപ്പെട്ടവരെ പറഞ്ഞിളക്കി, പണിമുടക്കി, വഴിയാധാരരാക്കി. എന്തിന്?

ശേഖ: അവരുടെ അവകാശങ്ങൾ പിടിച്ചുവാങ്ങാൻ. അവരെ, വേദനയും ജീവിതക്ലേശവുമില്ലാത്ത ഒരു നവലോകത്തിൽ ജീവിപ്പിക്കുവാൻ. വിശപ്പിനു് ആഹാരവും വിയർപ്പിനു ക്രയിയും കിട്ടുന്ന ഒരു നവകേരളത്തിനു രൂപം കൊടുക്കാൻ.

വക്കൻ: അല്ല, നിങ്ങളെപ്പോലുള്ള മുതലാളികൾക്കു സുഖമായി കഴിയുവാൻ; നിങ്ങളുടെ നിലപാടു സുരക്ഷിതമാക്കാൻ; ഭരണം പിടിച്ചെടുക്കാൻ; റഷ്യയിലും ചൈനയിലും എന്താണു നടന്നതു്? ഹംഗറിയിൽ എന്താണ് ഇന്നു നടന്നുവരുന്നതു്? സ്വാതന്ത്ര്യത്തിനുവേണ്ടി കരഞ്ഞ ജനങ്ങളെ തോക്കിന്റെ പാത്തികൊണ്ടു് അടിച്ചമർത്തി. അനവധി ആയിരങ്ങളെ സൈബീരിയായിലേക്കു നാടുകടത്തി, ഭരണം പിടിച്ചെടുത്തു. എന്റെ പ്രിയപ്പെട്ട സഖാക്കളേ, കമ്മ്യൂണിസ്റ്റുപാർട്ടി ഈ കേരളത്തിൽ എന്താണു ചെയ്യുതെന്നു ഞാൻ പറയാം. തെക്കും വടക്കുമറിയാൻ പാടില്ലാത്ത കുറെ ജനങ്ങളെ ഒച്ചയുണ്ടാക്കാൻ പഠിപ്പിച്ചു. അതിൽക്കൂടുതൽ എന്തുചെയ്യും?

ഡോക്ടർ: മർദ്ദിതരും ചൂഷിതരുമായ ജനവിഭാഗത്തിന്റെ

സ്വാതന്ത്ര്യസമരം നയിച്ചു. അതിൽക്കൂടുതൽ എന്തു ചെയ്യണം?

വക്കൻ: കഷ്ടം! നിങ്ങൾക്കതു പറയുവാൻ നാവുണ്ടല്ലോ. ചരിത്രത്തെപ്പറ്റിയുള്ള അജ്ഞതയാണു നിങ്ങളുടെ നാവുണർത്തിയതു്. ലോകത്തിൽ എപ്പോഴൊക്കെ മർദ്ദിതരും ചൂഷിതരുമുണ്ടായിട്ടുണ്ടോ അപ്പോഴൊക്കെ സ്വാതന്ത്ര്യസമരം പ്രത്യക്ഷമായില്ലെങ്കിൽ പരോക്ഷമായെങ്കിലും നടന്നിട്ടുണ്ടു്. ആ സമരം ലോകത്തിൽ മർദ്ദിതവർഗ്ഗം അവസാനിക്കുന്നതുവരെ നടന്നുകൊണ്ടിരിക്കും. അതിനു നിങ്ങളുടെ പാർട്ടിയുടെ സഹായം ആവശ്യമില്ല. ഒരു കാര്യം പറഞ്ഞുകൊള്ളാം. ആഞ്ഞടിച്ചുകൊണ്ടിരിക്കുന്ന ആദ്ധ്യാത്മികക്കൊടുങ്കാറ്റിൽ നിങ്ങളും നിങ്ങളുടെ ഭൗതികസിദ്ധാന്തവും അടിയോടെ പിഴുതുപോകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. അതിനു് ഇനി അധികം താമസമില്ല.

ശേഖ: നിങ്ങളുടെ ആദ്ധ്യാത്മികതപം! ഇനി ആ വിദ്യ പറഞ്ഞു ജനങ്ങളെ വഞ്ചിക്കാമെന്നോ അടിച്ചമർത്താമെന്നോ നിങ്ങളും നിങ്ങളുടെ പുരോഹിതന്മാരും കരുതേണ്ട.

ഡോക്ടർ: വക്കൻസാർ, മതത്തിന്റെ കാലം കഴിഞ്ഞുപോയി. അതു കഴിഞ്ഞ നൂറാണ്ടിലായിരുന്നു. അതെല്ലാം പഴഞ്ചരക്കായിപ്പോയി.

വക്കൻ: മതത്തിന്റെ കാലം കഴിഞ്ഞുപോയെന്നു നിങ്ങൾ തെറ്റിദ്ധരിച്ചു. നിങ്ങളെപ്പോലെ പലരും തെറ്റിദ്ധരിച്ചു. പക്ഷേ, ഓർത്തുകൊള്ളുക, മനുഷ്യന്റെ ആദ്ധ്യാത്മികദാഹത്തിന്റെ മുമ്പിൽ നിങ്ങളുടെ ഭൗതികതപവും അതിൽ കെട്ടിയുയർത്തിയിട്ടുള്ള നിങ്ങളുടെ പാർട്ടിയും ഒന്നോടെ തകർന്നുപോകുമെന്നു്. റഷ്യയും ചൈനയും ഹങ്കറിയും

റുമേനിയായുമൊക്കെ ആസന്നഭാവിയിൽ നിങ്ങളുടെ നേതാക്കളുടെ കാട്ടാളഭരണത്തിൽനിന്നു പുറത്തു ചാടി സ്വതന്ത്രരാകുമെന്ന്. അതോടേ നിങ്ങളുടെ പാർട്ടി അന്തരിച്ചുപോകുമെന്ന്. ഈ വസ്തുത ഇന്നു നിങ്ങൾ മനസ്സിലാക്കിയില്ലെങ്കിൽ, അടുത്ത ഭാവിയിൽ ജനങ്ങൾ നിങ്ങളെ മനസ്സിലാക്കും.

ശേഖ: ആദ്ധ്യാത്മിക ഭാഷം! അതെല്ലാം പുരോഹിതവർഗ്ഗത്തിന്റെ കണ്ടുപിടുത്തം. വയററിപ്പിഴപ്പിനുവേണ്ടിയുള്ള ഒരടവു്.

വക്കൻ: കണ്ടുപിടുത്തമായിരിക്കാം. അമേരിക്കാ കണ്ടുപിടിച്ചതുപോലെ. യാഥാർത്ഥ്യം കണ്ടുപിടിച്ചു. സത്യത്തിന്റെ കണ്ടുപിടുത്തം.

ഡാക്ക്ട: ആദ്ധ്യാത്മികഭാഷവും കൊണ്ടിരുന്നാൽ ശരീരത്തിന്റെ ഭാഷം ആരു തീർക്കും? അതിനുവേണ്ടി ഈ പുരോഹിതവർഗ്ഗം അളയ്ക്കുകത്തിരിക്കയല്ലാതെ എന്തിവിടെ ചെയ്യു?

വക്കൻ: അവർ നിങ്ങളെപ്പോലെ ഒച്ചപ്പാടുണ്ടാക്കുന്നില്ലായിരിക്കാം. അവർ എന്തു ചെയ്യുവെന്നു കാണുവാൻ നമ്മുടെ ഈ കേരളത്തിലൂടെ ഒന്നു സഞ്ചരിച്ചുനോക്കു. എത്ര അനാഥശാലകൾ, എത്ര ആതുരപത്രികൾ, എത്ര അഗതിമന്ദിരങ്ങൾ, വൃദ്ധമന്ദിരങ്ങൾ, എത്രയെത്ര സ്കൂളുകൾ, എത്രയെത്ര സാങ്കേതികപാഠശാലകൾ, കോളേജുകളാണ് അവർ സാധുക്കൾക്കുവേണ്ടി, പൊതുജനങ്ങൾക്കുവേണ്ടി നടത്തുന്നതു്. പുരോഹിതന്മാർ അളയ്ക്കുകത്തിരിക്കുന്നതിൽ നിങ്ങൾ അമർഷം കൊള്ളുന്നു. ഞാൻ നിങ്ങളോടൊന്നു ചോദിക്കട്ടെ. കഴിഞ്ഞ ഇലക്ഷൻകാലത്തു നിങ്ങളല്ലേ പ്ലാറ്റ്ഫോമിൽ കയറിനിന്നു പുരോഹിതന്മാർ പള്ളിക്കായ്ക്കും മാത്രം നോക്കിയാൽ മതിയ

ല്ലോ, രാഷ്ട്രീയരംഗത്തും സാമൂഹ്യികരംഗത്തും എന്തിനിറങ്ങുന്നുവെന്നു പ്രസംഗിച്ചതു്. ഇന്നു നിങ്ങൾ ചോദിക്കുന്നു, പുരോഹിതന്മാർ അളയ്ക്കുകത്തിരിക്കുന്നതെന്തിനെന്നു്. രണ്ടും നിങ്ങൾതന്നെ പറയുന്നു.

[മാത്തു പ്രവേശിക്കുന്നു.]

മാത്തു: [വക്കൻസാറിനോടു്] എന്റെ ചേട്ടാ, പട്ടിണിനിന്നു് ഇങ്ങനെ പറയാൻ തുടങ്ങിയാൽ ആളു വിഷമിച്ചു പോകും. ഇവർക്കാണെങ്കിൽ വീട്ടിൽ മൊതലുണ്ടു്. — ഓ, ഞാൻ വന്നകായ്യം പറഞ്ഞില്ലല്ലോ. ലീജന്റെ സിക്രട്ടറിസാറു വന്നിരിക്കുന്നു.

വക്കൻ: ഇങ്ങു വരാൻ പറയണം. [മാത്തു പോകുന്നു.]

ശേഖ: നിങ്ങൾ ജീവിക്കാനറിയാത്ത കലാകാരനാണു്. മതവും പൗരോഹിത്യവും നശിക്കുമ്പോൾ നിങ്ങൾ നിങ്ങളുടെ മടയത്തരം മനസ്സിലാക്കും. അന്നു നിങ്ങൾക്കു സഹതപിക്കേണ്ടിവരും.

വക്കൻ: സഖാവു ശേഖർ, നിങ്ങൾക്കുമാത്രമേ ജീവിക്കുവാനറിയാവൂയെന്നു വിചാരിച്ചതാണു നിങ്ങൾക്കു പറ്റിയ മടയത്തരം. പൗരോഹിത്യവും മതവും നശിക്കുമെന്നു്! നീറോയും ഡയക്ലിസ്യനും വിചാരിച്ചിട്ടു നശിക്കാത്തതാണെന്റെ മതം. എന്റെ മതമാകുന്ന പാറയിൽ തലയടിച്ചു മരിച്ചിട്ടുള്ളവർ എത്രയെന്നു് അറിയാൻ പാടില്ലാത്തതിൽ ഞാൻ ദുഃഖിക്കുന്നു.

[ചാക്കോച്ചൻ പ്രവേശിക്കുന്നു.]

വക്കൻ: എന്താ ചാക്കോച്ചാ, ഇത്ര തിടുക്കത്തിൽ?

ചാക്കോച്ചൻ: നമ്മുടെ മേപ്പുറത്തു് ഔസേപ്പച്ചന്റെ ഭാര്യ മരിച്ചുപോയി! അവിടംവരെ ഒന്നു്....

വക്കൻ: കഷ്ടം! ഞാനവിടന്ന് ഇപ്പം വന്നതേയുള്ളൂ, വികാരിയച്ചനെ വിളിക്കാനേർപ്പാടു ചെയ്തേച്ചും. അച്ചൻ വന്നിരുന്നോ?

ചാക്കോ: അച്ചൻ വന്നു വേണ്ടുന്നതൊക്കെ കൊടുത്തു. ഔസേപ്പച്ചൻ കരച്ചിലുതന്നെ, കരച്ചിൽ.

വക്കൻ: ഞാനിതാ ഇറങ്ങിക്കഴിഞ്ഞു. [സഖാക്കളോട്] ക്ഷമിക്കണം. എനിക്കത്യാവശ്യമായി ഒരിടത്തു പോകാനുണ്ട്. അനിയൻ ഇപ്പം വരുമെന്നാ തോന്നുന്നതു്. വന്നു കണ്ടിട്ടു പോയാൽ മതി. എടാ മാത്തു.

മാത്തു: എന്തോ. [മാത്തു ഓടിവരുന്നു.]

വക്കൻ: നീ ബേബിക്കുഞ്ഞിനോടു പറഞ്ഞേരു്, കൊന്തചൊല്ലിയിട്ടു കിടന്നുറങ്ങാൻ. ഞാനല്പം താമസിച്ചേ വരുകയുള്ളൂ. [വക്കൻസാറും ചാക്കോച്ചനും പോകുന്നു.]

മാത്തു: പരോപകാരമെന്നുവച്ചാൽ ഇങ്ങനെയുണ്ടോ, ദൈവമേ!

ഡോ: ഇയാളുടെ ഈ പ്രവർത്തനങ്ങൾ കൊണ്ടാണു് ആളുകൾ ഇയാളുടെ പുറകേ തുങ്ങുന്നതു്

ശേഖ: കണ്ടില്ലേ, അയാളുടെ ആശയങ്ങളുടെ അവതരണം. അയാളേയും അയാളുടെ ലീഡറേയും ഒന്നു പഠിപ്പിച്ചിട്ടതന്നെ കാര്യം. അയാൾ പാർട്ടിയോടു കളിച്ചാൽ....

മാത്തു: കളിച്ചാൽ ഒന്നും വരാനില്ല. എന്റെ സാറുന്മാരെ വെറുതെ കല്ലിൽക്കടിച്ചു പല്ലെന്തേ കളയുന്നു?

[യവനിക]

രംഗം മൂന്ന്

[മേപ്രത്തു് ഔസേപ്പച്ചന്റെ വീട്ടു്. ഔസേപ്പച്ചൻ ഒരു ബഞ്ചിൽ ദുഃഖിച്ചിരിക്കുന്നു. അണിയറയിൽ അയാളുടെ ഭാര്യ മരിച്ചുകിടക്കുന്നു. കുട്ടികളുടേയും ക്രൂട്ടക്കാരുടേയും നിലവിളി; പുത്തൻപാന വായിക്കുന്നു.]

"എൻ പിതാവേ! നിൻ കയ്യിലാത്മാവിനെ
ഞാൻ കയ്യാളിക്കുന്നേനെന്നരുൾചെയ്യ.
തലയും ചായ്ച്ചു മരണം പ്രാപിച്ചു —
തൽപ്രാണനധോട്ടമിഗതനുമായ്."

ഔസേപ്പച്ചൻ: [ആത്മഗതം] പാവങ്ങൾ എന്നും പാവങ്ങൾ തന്നെ. ഏതായാലും വികാരിയച്ചൻ വന്നു വേണ്ടുന്നതൊക്കെ കൊടുത്തതുതന്നെ ഒരനുഗ്രഹമായി.

[അകത്തു കരച്ചിൽ]

അണിയറയിൽ: എന്റെ പൊന്നു ചേടത്തീ, നമ്മളെ രണ്ടു പേരേം കെട്ടിച്ചു വിട്ടപ്പം, തെക്കേതിലേ മാത്തുണ്ണി പറഞ്ഞതാണു നമ്മളിലൊരാളു പെട്ടെന്നു മരിച്ചു പോകുമെന്നു്. ഇനി ഈ പിള്ളേരെ എങ്ങനെ പോറ്റാനാണു്? എന്റെ പൊന്നുചേടത്തീ!

ഔസേ: നിങ്ങളിങ്ങനെ [അകത്തേക്കുനോക്കി] കരയാൻപോയാൽ ഞാനും കരഞ്ഞു.... ദൈവമേ, ഇനി ഞാനെന്തു ചെയ്യും. ഞങ്ങളുടെ കല്യാണദിവസം പറഞ്ഞതാണു്, അവളധികനാളം ജീവിക്കയില്ലെന്നു്. അതുപ്പോലൊത്തു. ഈ കുഞ്ഞുങ്ങളെ ഇട്ടിട്ടു് [കരയുന്നു. വക്കൻസാറും ചാക്കോച്ചനും പ്രവേശിക്കുന്നു.]

വക്ക: ഔസേപ്പച്ചാ, ഇങ്ങനെ കരയാൻപോയാലെങ്ങനയാ,

അച്ചൻ വന്നിരുന്നല്ലോ? [രണ്ടുപേരും അകത്തേക്കു തിരിഞ്ഞു മരിച്ചയാൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.]

[അണിയറയിൽ പാന വായിക്കുന്നു.]

"ആത്മാവും ദേഹം വിട്ടയെന്നാകിലും,
ആത്മാവിൽനിന്നും ശരീരത്തിൽനിന്നും,
ദൈവസ്വഭാവം വേർപെട്ടില്ലതാനും,
അവറോടു രഞ്ജിച്ചിരുന്നു സദാ."

ഔസേ: ദൈവത്തിന്റെ സഹായംകൊണ്ടു വികാരിയച്ചൻ വന്നു് ഒട്ടക്കത്തതൊക്കെ കൊടുത്തു. [വക്കൻസാർ ബഞ്ചിൽ ഇരിക്കുന്നു. ചാക്കോച്ചൻ അകത്തേക്കു പോകുന്നു.] ഞാനും ഇതോടേ മരിച്ചിരുന്നെങ്കിൽ. [കരയുന്നു.]

വക്കൻ: അങ്ങനെ പറയല്ലേ. മനുഷ്യരായാൽ ക്ഷമ വേണ്ടേ? എന്റെ ഭാര്യയും മരിച്ചില്ലേ? ഞാനും സഹിച്ചില്ലേ?

ഔസേ: ഇതിൽക്കൂടുതൽ എന്തു സഹിക്കാനാണു്. ആ കുഞ്ഞുങ്ങൾ!

അണിയറയിൽ: "എന്റെ പൊന്നു നാത്തൂനേ, എന്നെ കാണണമെന്നു പറഞ്ഞിട്ടു്, ഞാനിപ്പം വന്നിട്ടു്, എന്താണു് എന്റെ നാത്തൂൻ ഒന്നും മിണ്ടാത്തതു്? എന്റെ പൊന്നു നാത്തൂനേ...."

വക്കൻ: സ്ത്രീകളെപ്പോലെ കരഞ്ഞാൽ എങ്ങനെയാ. ദുഃഖം വരാത്ത മനുഷ്യരുണ്ടോ? എല്ലാം ദൈവത്തിനുവേണ്ടി സഹിക്കുന്നതിലാണു കത്തോലിക്കരായ നമ്മുടെ നേട്ടം.

ഔസേ: എത്രനാൾ ഇങ്ങനെ സഹിക്കും. ഇനി എന്റെ ഈ കുഞ്ഞുങ്ങളെ ആരു നോക്കും?

വക്കൻ: ബാക്കിയുള്ളവരെ സമാധാനപ്പെടുത്തേണ്ടയാൾ ഇങ്ങനെ ചിന്തിച്ചു വിഷമിക്കാൻ തുടങ്ങിയാൽ.

ഔസേ: അല്ല സാറേ, എന്തിനാ ദൈവം ഇങ്ങനെ നമ്മെ കഷ്ടപ്പെടുത്തുന്നത്?

വക്കൻ: സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ കഷ്ടപ്പെടാനൊ പാപത്തിനു പ്രായശ്ചിത്തം ചെയ്യാനോ സാദ്ധ്യമല്ല. എല്ലാം ഇവിടെവെച്ചു തീർക്കണം.

ഔസേ: സ്വർഗ്ഗം കിട്ടാൻ മറ്റൊരു മാർഗ്ഗവുമില്ലേ?

വക്കൻ: ദൈവത്തിന്റെ തീരുമാനങ്ങളെ "എന്തുകൊണ്ട്?" എന്നു ചോദിക്കാൻ നമ്മളാരാണ്? ദൈവപുത്രൻ നമുക്കുവേണ്ടി ഭൂമിയിലേക്കു വന്നു പാടുപീഡകളും മരണവും അനുഭവിച്ചെങ്കിൽ എന്തുകൊണ്ട് അതിലൊരംശം നമുക്കും സഹിക്കരിച്ചുകൂടാ?

ഔസേ: സാറേ, ഞാനെന്തു ചെയ്യാനാണ്. ശവസംസ്കാരത്തിനാണെങ്കിൽ എൻറടുത്തൊരു കാശില്ല. എന്റെ സാറൊരുപകാരം എനിക്കു ചെയ്യുതരണം. [ടൂറെ ചൂണ്ടിക്കാണിച്ചിട്ട്] ആ നില്ക്കുന്ന നാലു തെങ്ങ്, എനിക്കുള്ളതാണ്. അതിൽ രണ്ടെണ്ണം പണയപ്പെടുത്തി ആരോടെങ്കിലും പത്തമ്പതു രൂപാ വാങ്ങിയാൽ....

വക്കൻ: അതിനൊക്കെ ഞങ്ങൾ സമാധാനം ഉണ്ടാക്കാം.

[ചാക്കോച്ചൻ അകത്തുനിന്നു വരുന്നു.]

ചാക്കോ: നാളത്തേ കുർബ്ബാനയുടെ കാര്യം വികാരിയച്ചനോടു പറയണ്ടേ? ശവസംസ്കാരത്തിന്റെ കാര്യവും.

വക്കൻ ചാക്കോച്ചൻ വേഗം ചെന്നു നമ്മുടെ ലീജൻ അംഗങ്ങളോടു പറയണം. ഇന്നു ക്രൂടേണ്ടതായ പ്രൊസീഡിയം മീറ്റിംഗ് ഈ മരണം പ്രമാണിച്ചു മാറ്റിവച്ചിരിക്കുന്നെന്ന്. കഴിവുള്ളവർ ഇങ്ങോട്ടു വരാനും പറയണം.

ചാക്കോ: പെട്ടിയും ഉടുപ്പിനേറയും കാര്യം?

വക്കൻ: അതെല്ലാം ഞാൻ വികാരിയച്ചനെ കണ്ടു് എല്ലാം ശരിപ്പെടുത്തിക്കൊള്ളാം. ലീജനംഗങ്ങളും ആരെങ്കിലും എന്നെ അനേഷിക്കുന്നെങ്കിൽ ഞാൻ വികാരിയച്ചൻറടുത്തു കാണുമെന്നു പറയണം. വേഗം ചെല്ലു്. [ചാക്കോച്ചൻ പോകുന്നു. ഔസേപ്പച്ചൻ കരയുന്നു.]

വക്കൻ: കരയല്ലേ. ഇന്നല്ലെങ്കിൽ നാളെ നമ്മളും മരിക്കും. ജനിച്ചവരൊക്കെ മരിക്കണം. ഞാൻ പോയി വികാരിയച്ചനെ കണ്ടിട്ടു വേഗം വരാം. ലീജനംഗങ്ങൾ വരുന്നപക്ഷം പന്തലിടുന്നതിനുള്ള സ്ഥലമൊക്കെ കാണിച്ചുകൊടുക്കണം. [പോകുന്നു.]

ഔസേ: സഹിക്കാം. മരിക്കുന്നതുവരെ സഹിക്കാം. സഹിക്കണം. ദൈവത്തിനുവേണ്ടി സഹിക്കണം. ഓ, എന്തു നല്ല മനുഷ്യർ! [അണിയറയിൽ കരയുന്നു. പാന വായിക്കുന്നു.]

"എൻതമ്പുരാനേ! എൻെറ തമ്പുരാനേ!
എന്തുകൊണ്ടു നീ എന്നെക്കൈവിട്ടതോ!
എൻപിതാവേ! നിൻകയ്യിലാത്മാവിനെ
ഞാൻ കയ്യാളിക്കുന്നേനെന്നരുൾചെയ്തു."

[യവനിക.]

രംഗം നാല്

[ജോളിഹൗസിലേ മറെറാരു മുറി; ആധുനികരീതിയിലുള്ള സജ്ജീകരണങ്ങൾ. വിൽസൺ, ഡോക്ടർ ജോർജ്ജ്; ശേഖർ മേശയ്ക്കു ചുറുമിരുന്നു സംസാരിച്ചുകൊണ്ടിരിക്കുന്നു.]

ശേഖർ: സ. വിൽസൺ, നമ്മുടെ പ്രവർത്തനങ്ങളുടെ മുമ്പിൽ ഒരു വലിയ കീറാമുട്ടി കിടപ്പുണ്ട്. ആ കീറാമുട്ടി നേരത്തേ വലിച്ചു മാറിയില്ലെങ്കിൽ നാം അതിൽ തട്ടി വീണു നശിക്കും. എന്തുപറയുന്നു ഡോക്ടർ ജോർജ്ജ്?

ഡോ: ശരിയാണ്. രോഗം പിടിപെട്ടുകഴിഞ്ഞിട്ടു ചികിത്സിച്ചു സുഖപ്പെടുത്തുന്നതിൽ ഭേദം രോഗം വരാതെ സൂക്ഷിക്കുകയാണ് എപ്പോഴും നല്ലതു്.

വിൽസൺ: സ. ശേഖർ എന്തിനെപ്പററിയാണു സംസാരിക്കുന്നതു്? എനിക്കൊന്നും മനസ്സിലാകുന്നില്ല.

ശേഖ: നിങ്ങൾക്കു മനസ്സിലാകാത്തതിൽ ഞാനതിശയിക്കുന്നു. ഒരു ഭയങ്കരമുട്ടി! കീറാമുട്ടി! നിങ്ങളുടെ തൊട്ടടുത്തു കിടപ്പുണ്ടു്. അതെടുത്തു മാറിയില്ലെങ്കിൽ നിങ്ങളാണു് അതിൽ ആദ്യം തട്ടിവീഴുന്നതു്.

ഡോ: വാസ്തവം പറഞ്ഞാൽ സ. ശേഖർ ഒരു 'മിസ്റ്റിക്ക്' പോയററാ'ണു്. ഭാസുരമായ ഭാവിയാണു നിങ്ങളെ തുറിച്ചു നോക്കുന്നതു്. വളരെ നന്നായിട്ടുണ്ടു്. ഇനിയും ഇതുപോലെ പറയണം.

വിൽ: ഉള്ളതങ്ങു പറയണം. തുറന്നുപറയണം. മുട്ടിയെന്നും കീറാമുട്ടിയെന്നും പറഞ്ഞാൽ എനിക്കൊരു പിടിയുമില്ല.

ശേഖ: നിങ്ങൾക്കു കണ്ണുണ്ടു്. പക്ഷേ, കാണുന്നില്ല.

[മാത്തു പ്രവേശിക്കുന്നു.]

മാത്തു: കണ്ണുണ്ടു്, എന്നാലും കാണുകയില്ല. ചേട്ടാ, കാപ്പി കൊണ്ടുവരട്ടെ?

വിൽ: കൊണ്ടുവാ. അതിനു ചോദിക്കാനുണ്ടോ?

മാത്തു: ചേട്ടത്തിയുടെ വീട്ടിൽനിന്നു കൊണ്ടുവന്ന ഔലോസ്?

ഡോ: കൊണ്ടുവാ. ചേട്ടത്തിയുടെ വീട്ടിൽനിന്നു കൊണ്ടുവന്നതല്ലേ.

[ശേഖരും ഡോക്ടരും പരസ്പരം നോക്കി മന്ദഹസിക്കുന്നു. മാത്തു പോകുന്നു.]

ഡോ: ശേഖർ, നിങ്ങളങ്ങു തുറന്നുപായണം.

വിൽ: നിങ്ങൾ എന്റെ ഭാര്യയെപ്പറ്റിയായിരിക്കും പറഞ്ഞു വരുന്നതു്. അവൾ പിണങ്ങി വീട്ടിൽ പോയിരിക്കുകയാ.

ഡോ: അല്ലെങ്കിലും ഇപ്പോഴത്തെ പെണ്ണുങ്ങൾ!

ശേഖ: പെണ്ണുങ്ങളെ എന്തിനു പഴിക്കുന്നു. ആണുങ്ങളും കണക്കാണു്. ഞാൻ ഇദ്ദേഹത്തിന്റെ ചേട്ടന്റെ കാര്യമാണു പറയുന്നതു്. അയാളും അയാളുടെ ലീജൻ പ്രവർത്തനങ്ങളും നമ്മുടെ പാർട്ടിപ്രവർത്തനങ്ങളുടെ മുമ്പിൽ ഒരു കീറാമുട്ടിയാണു്. നമ്മൾ വിജയിക്കണമെങ്കിൽ, ഭരണം നമ്മുടെ കൈയിൽ വരണമെങ്കിൽ അയാളെ ഇവിടെനിന്നു തുരത്തിയാലേ പറ്റൂ.

ഡോ: നിങ്ങൾ വിചാരിക്കുന്നതുപോലെ എളുപ്പത്തിൽ അടിപ്പെടുത്താൻ പറ്റാത്ത ഒരു ഫയൽമാനാണു് ഇതിയാന്റെ ചേട്ടൻ. വലിയൊരു ജനശക്തി അയാളുടെ നേതൃത്വത്തിൽ അണിനിരന്നിട്ടുണ്ടു്. അയാളോടെതിർക്കുന്നതു സൂക്ഷിക്കണം.

[മാത്തു ഔലോസും കാപ്പിയുമായി പ്രവേശിക്കുന്നു.]

മാത്തു: സൂക്ഷിക്കണം. സൂക്ഷം എപ്പോഴും നല്ലതാണ്.

വിൽ: നിന്നോടാരു പറഞ്ഞു സംസാരിക്കാൻ?

ശേഖ: അല്ലെങ്കിലും ഇന്നത്തെ വേലക്കാർ തനി ആഭാസന്മാരാണ്.

മാത്തു: അതെന്താസാർ? സാറുതന്നെയല്ലേ അന്നാപ്രസംഗത്തിൽ പറഞ്ഞതു്, തൊഴിലാളികൾക്കും അഭിപ്രായസ്വാതന്ത്ര്യം വേണമെന്നെല്ലാം. ഞാനെന്റെ അഭിപ്രായമങ്ങു പറഞ്ഞതാ.

ഡോ: ഇവന്മാരോടു മൗനം ദീക്ഷിക്കുകയാണു ഭേദം.

മാത്തു: ഞാനധികം പഠിച്ചിട്ടില്ലെങ്കിലും, എനിക്കധികം വായനചെന്നിട്ടില്ലെങ്കിലും, മൗനം വിദ്വാന്റെ ലക്ഷണമാണ്. അല്ല, ചിലപ്പോൾ മണ്ടന്മാരുടേതുമാകാം.

വിൽ: നിന്നോടു മിണ്ടാതിരിക്കണല്ലേ പറഞ്ഞതു്.

മാത്തു: എന്നാ ഞാനിനി ഒന്നും മിണ്ടുന്നില്ല. [കാപ്പി ശരിപ്പെടുത്തിവച്ചിട്ടു്] കാപ്പി തണുത്തുപോകും. ടാ, ഔലോസും തിന്നണം. എന്തു രുചിയാണെന്നോ. ചേട്ടത്തിയുടെ വീട്ടിൽനിന്നു കൊണ്ടുവന്നതല്ലേ.

[എല്ലാവരും ഔലോസു തിന്നുന്നു. കല്ലു കടിച്ചിട്ടു—കല്ലിനുപകരം ഔലോസിൽ മിഠായി ഇട്ടാൽ മതി—സഖാക്കൾ തമ്മിൽ നോക്കുന്നു.]

ശേഖ: അപ്പോൾ ചേട്ടനെ ഇവിടെനിന്നു മാറിയില്ലെങ്കിൽ അയാൾ അവകാശവാദവും കൊണ്ടുവരും. പോരാഞ്ഞിട്ടു് അയാളുടെ മകൻ തലപൊങ്ങിയാണു വരുന്നതു്. നേരത്തേ സൂക്ഷിച്ചില്ലെങ്കിൽ ഇല്ലാത്ത പൊല്ലാപ്പുണ്ടാകും.

[ശേഖർ കല്ലുകടിച്ചിട്ടു പെട്ടെന്നു ഞെട്ടുന്നു.]

വിൽ: എന്താ ശേഖർ ഞെട്ടുന്നത്?

മാത്തു: ഡാക്കട്ടർസാറൊന്നു ഞാഡിപിടിച്ചു നോക്കിയേ. അപസ്മാരമായിരിക്കും.

ഡോ: ഈ ഔലോസ് മൂത്തുപോയെന്നാ തോന്നുന്നത്. വായിലിട്ടിട്ടു കല്ലുപോലിരിക്കുന്നു.

മാത്തു: സാറേ, ഇതു തറവാട്ടിലുണ്ടാക്കിയതാ. അവരെല്ലാം മൂപ്പിച്ചേ എടുക്കുള്ളു. അതാണു രുചി.

[വിൽസൺ കല്ലു കടിക്കുന്നു.]

വിൽ: [ദേഷ്യംകൊണ്ടു ചാടിയെഴുന്നേറ്റു] എടാ, ഇതിൻറെ കത്തു മുഴുവൻ കല്ലാണല്ലോ?

മാത്തു: ചേട്ടാ, അതിനെന്നോടു കോപിച്ചാലോ? ചേട്ടൻറെ ബന്ധുവിട്ടിന്നു കൊണ്ടുവന്നതല്ലേ?

വിൽ: അതെ, അവൾ എന്നോടുള്ള അരിശത്തിനു ചെയ്തേച്ചും പോയതാണു്.

ശേഖ: എങ്ങനെ ചെയ്യാതിരിക്കും. പെണ്ണുങ്ങൾക്കു സ്വയ്യമായി ജീവിക്കണം. അതു നിങ്ങളുടെ ചേട്ടൻ ഇവിടെയുള്ളകാലം പറയുമോ? എതായാലും എൻറെ പല്ലു പോയി.

മാത്തു: അതുതന്നെയാണു ഞാനും ആലോചിക്കുന്നതു്. എൻറെ ദൈവമേ, ഇവരു കല്ലുകടിക്കുന്നതു ഞാനും കാണണമല്ലോ.

ഡോ: എൻറെ രണ്ടു പല്ലിൻറെ ഇനാമൽ തെറിച്ചുപോയി. പാർട്ടിക്കുവേണ്ടി അതും സഹിക്കാം.

ശേഖ: പാട്ടിയുടെ സുരക്ഷിതത്വത്തിനും നമ്മുടെ വിജയത്തിനും വേണ്ടിയാണു ഞാൻ പറയുന്നതു്. അയാളെ ഇവി

ടെനിന്നിറക്കി വിടണം. അപ്പോൾ, ഒരു ഗതിയും പ
രഗതിയുമില്ലാതെ പുള്ളി തുലഞ്ഞുകൊള്ളും. നിങ്ങൾക്ക
സമാധാനത്തോടുക്രടി ഇവിടെ സുഖമായി താമസിക്കാം.
പാർട്ടിയോഗങ്ങൾക്ക യാതൊരു ശല്യവും വരാതെ നട
ത്തുകയും ചെയ്യാം.

വിൽ: ഏതായാലും രണ്ടിലൊന്നറിയണം. [ക്രുദ്ധനിശ്ചയ
ത്തോടേ] അയാൾ ഇവിടെനിന്നു മാറിത്തരുമോയെന്നു
നോക്കട്ടേ.

ശേഖ: എന്തിനു പേടിക്കുന്നു. സ്വന്തം വീട്ട പേപ്പട്ടികൾക്ക
താമസിക്കുവാനുള്ളതാണോ?

മാത്തു: പേപ്പട്ടികളാണെങ്കിൽ പേടിക്കണം, പേടിക്കണം.
കടിച്ചാൽ മിക്കവാറും മരണം തീർച്ച.

വിൽ: നിന്നോടു ചോദിച്ചോടാ?

ഡോ: [വാച്ചു നോക്കിയിട്ട്] സമയം വല്ലാതെയായി. ഞ
ങ്ങൾ ഇറങ്ങട്ടെ.

മാത്തു: ദെ, ഔലോസ്സ് ഒട്ടും തിന്നില്ലല്ലോ.

വിൽ: എടുത്തുകൊണ്ടുപോടാ, നിന്റെ ഔലോസ്സ്.

[യവനിക]

രംഗം അഞ്ച്

[ജോളിഹൗസിൽ വക്കൻസാറിന്റെ മുറി. ബേബി പുസ്തകം വായിക്കുന്നതിനിടയിൽ ഉറക്കം തൂങ്ങുന്നു. മാത്തു വന്നു ഗോഷ്ടി കാണിക്കുന്നു.]

മാത്തു: അല്ല, കുഞ്ഞു് ഉറക്കമാണല്ലോ. അങ്ങനെ തൂങ്ങു്. കൊപ്രയ്ക്കു വിലയിടിയാനുള്ള കാരണമെന്തോന്നാ കുഞ്ഞേ? [ബേബി ഉണരുന്നു.]

മാത്തു: അല്ല, ഞാനോർക്കുകയാണു്. എങ്ങനെ പുള്ളേരു തോക്കാതിരിക്കും? കേട്ടോ കുഞ്ഞേ, പഠിച്ചിട്ടില്ലെങ്കിലും ഇതുവരെ തോക്കുകയെന്ന ഗ്രഹപ്പിഴയിൽ ഞാൻ ചാടിയിട്ടില്ല. അല്ല, കുഞ്ഞു തോക്കുമെന്നല്ല ഞാൻ പറഞ്ഞതു്.

ബേബി: അതിരിക്കട്ടെ. ഇത്തലെ നമ്മുടെ പാർട്ടിക്കാരുടെ തോല്വി എങ്ങനെയിരുന്നു.

മാത്തു: എങ്ങനെയിരുന്നുവെന്നു ചോദിച്ചാൽ എങ്ങനെയിരിക്കണം? ഈ മാത്തുവിനോടു കളിച്ചാലുണ്ടല്ലോ?

ബേബി: ഔലോസു മുഴുവൻ തിന്നോ?

മത്തു: തീന്നോന്നു്? ഒ, ചോദിക്കുന്നതുകേട്ടോ. ഇട്ട ചരലു മുഴുവനും വിഴുങ്ങി. ഞാനപ്പം ആലോചിച്ചതാണു ചരലിന്റെകൂടെ കുറേ കുമ്മായവുംകൂടി കൂട്ടിയാൽ അവരുടെ വയറ്റിൽ വലിയ മതിലുകെട്ടാമെന്നു്.

ബേബി: അതു കുറച്ചു കടന്നുപോയി.

[മാത്തു പുറത്തേയ്ക്കു നോക്കുന്നു.]

ബേബി: അതാരാണു ചേട്ടാ, പടി തുറന്നതു്?

മാത്തു: കുഞ്ഞിന്റെ ചിറ്റപ്പനാ.

ബേബി: അയ്യോ, ശല്യമായി. ഇനി തുടങ്ങും വഴക്കും വക്കാണവും.

മോത്തു: എന്തിനു പേടിക്കുന്നു കുഞ്ഞേ. നിങ്ങളപ്പനും മകനും അടങ്ങിയിരുന്നിട്ടാണ്. ഇങ്ങോട്ടൊന്നു പറയുമ്പോൾ അങ്ങോട്ടു രണ്ടും അതിന്റെ പലിശേം വച്ചു കൊടുക്കണം. അപ്പം ആള ചൂളിപ്പോകും.

ബേബി: പക്ഷേ, അപ്പൻ സമ്മതിക്കണ്ടേ.

മാത്തു: അപ്പന്റെ സമ്മതം! എന്റെ കുഞ്ഞേ, മാത്തുവിനൊരു സ്വഭാവമുണ്ട്, ഉള്ളതങ്ങു വെട്ടിത്തുറന്നു പറയും. ദേവേന്ദ്രന്റെ മകൻ കൊച്ചുപ്പി വന്നാലും ശരി, ഞാൻ പറഞ്ഞാലേ അടങ്ങൂള്ളൂ. ഉള്ളിലുള്ള വെഷമം ഉറവരോട പറഞ്ഞില്ലെങ്കിൽ അന്നെനിക്ക് ഉറക്കമേ വരില്ല. അതുകൊണ്ടു കുഞ്ഞു തെറ്റിദ്ധരിക്കരുതു്. ഞാൻ പറയുന്നതു കേട്ടേ: ഇനി അപ്പന്റെ ആദർശവുംകൊണ്ടിരുന്നാൽ പറ്റുമോ? കുഞ്ഞിനും ആയില്ലേ പത്തിരുപതു വയസ്സു്. പേടിച്ചിരുന്നാൽ കായ്യം നടക്കേലാ. ഞാനങ്ങു് അപ്പുറത്തേക്കു പോകാം. [പോകുന്നു.]

[വിൽസൺ ഗൗരവത്തിൽ പ്രവേശിക്കുന്നു. എവിടെയോ യാത്രയ്ക്കുപോയി തിരിച്ചുവരുന്നമട്ടു്.]

വിൻ: അല്ല, നീയും നിന്റെ അപ്പനും ഇവിടെനിന്നു പോയില്ലേ.

ബേബി: [അതേസ്വരത്തിൽ] ചോദ്യം വ്യക്തമായില്ല. ആവർത്തിച്ചാൽ കൊള്ളാം.

വിൽ: [ഇരിക്കുന്നതിനിടയിൽ] ങാ ഹാ. നീ അത്രയ്ക്കായോടാ. നീയും ആദർശക്കാരനായി വരികയാണല്ലോ. ചോദ്യം ആവർത്തിക്കാൻ ഇതു കോളേജാണോടാ?

ബേബി: ഇത്രയുംനാൾ എന്റെ അപ്പന്റെ അനിയനെന്നു ക

രുതലോടും ബഹുമാനത്തോടും കൂടിയാണു ഞാൻ പെരുമാറിയതു്. ചിറപ്പന്റെ അടിയും അടിയും ഇതുനാൾ ഒരക്ഷരംപോലും മിണ്ടാതെ സഹിച്ചു.

വിൽ: സഹിക്കാതെ ഇനി നീ എന്തുചെയ്യുമെടാ? നീയൊരു വിരുതനായി വരുകയാണല്ലോ.

ബേബി: എന്നെ വിരുതനാക്കിയാൽ ഞാനാകും. ഇന്നലെവരെ ഞാൻ സഹിച്ചു. ഇനി എന്റെ അഭിമാനം അനുവദിക്കുന്നില്ല. ചിറപ്പാ, സ്നേഹത്തിന്റെ മുമ്പിൽ ഞാനൊരു ചെമ്മരിയാടാണു്. നിങ്ങൾക്കതിനോടു് എന്തു വേണമെങ്കിലും ചെയ്യാം. വൈരാഗ്യത്തിന്റെ മുമ്പിൽ അതൊരു പിശാചാണു്.

വിൽ: നീയൊരു പിശാചു്! നിന്റെ അഭിമാനം! കണ്ടവന്റെ വീട്ടിൽ കണ്ട തെണ്ടികളെപ്പോലെ കിടന്നിട്ടു് അവന്റെ അഭിമാനം!

ബേബി: ചിറപ്പൻ ആലോചിച്ചുനോ ഇതെല്ലാം സംസാരിക്കുന്നതു്?

വിൽ: നീയെന്നെക്കൊണ്ടാലോചിപ്പിക്കുമോ?

[എഴുന്നേല്ക്കുന്നു.]

ബേബി: ചിറപ്പൻ ആലോചിക്കുമെന്നും വേണ്ടതു ചെയ്യുമെന്നും വിചാരിച്ചു. പക്ഷേ, ഇതുവരെ....

വിൽ: എന്തൊന്നു ചെയ്യാനാടാ. തെണ്ടികളെപ്പോലെ കിടക്കുന്നവർക്കു് എന്തൊന്നു ചെയ്യാനാടാ. ഇറങ്ങിത്തരുമെന്നു വിചാരിച്ചിട്ടു്, ശവങ്ങൾ — തെണ്ടികൾ.

ബേബി: [കോപത്തോടെ] ഒരു ചിറപ്പന്റെ സംസാരം. എടോ, താനാണോ ചിറപ്പൻ! ഒരു കാര്യം, എന്റെ അപ്പൻ നിങ്ങൾക്കൊരു തെണ്ടിയായിരിക്കാം. പക്ഷേ, എനിക്കദ്ദേഹം ലോകത്തിൽ വലിയവനാണു്. അദ്ദേഹ

ത്തെപ്പറ്റി എന്റെയടുത്തു ബഹുമാനമായി സംസാരിക്കണം. കഷ്ടം! സ്വന്തം ചേട്ടനെ തെണ്ടിയെന്നു വിളിക്കുന്നവൻ മനുഷ്യനോ? അയാൾ പണക്കാരൻ! തനിക്കീ പണമെല്ലാം എവിടെനിന്നുണ്ടായെന്നും താൻ എങ്ങനെ ഉണ്ടാക്കിയെന്നും താൻ ഓർക്കുന്നുണ്ടോ?

വിൽ: നിറുത്തെടാ നിന്റെ പ്രസംഗം. ഇനി മിണ്ടിപ്പോയാൽ.

ബേബി: ഇനി മിണ്ടിപ്പോയാൽ എന്നെ കൊല്ലുമായിരിക്കാം. മരിക്കുന്നതിനുമുമ്പ് ഒരേഒരു വാക്കുകൂടി. എന്റെ അപ്പൻ പട്ടാളത്തിൽ പോയി വിയർത്തൊലിച്ചതിൽനിന്നു താൻ പണക്കാരനായി. ഇപ്പോൾ, പാവങ്ങളെ ഉയർത്താൻ നടക്കുന്നു. ഓർത്തുകൊള്ളൂ, ഞങ്ങളല്ലെങ്കിൽ അടുത്ത തലമുറ ഇതിനു പ്രതികാരം വീട്ടും.

വിൽ: എന്നാൽ, ഇപ്പോൾത്തന്നെയിരിക്കട്ടെടാ. [ഓടിച്ചെന്നു ബേബിയുടെ കരണത്തടിക്കുന്നു. മാത്തു ഓടിവരുന്നു. ബേബി ബോധംകെട്ടു നിലത്തു വീഴുന്നു.]

മാത്തു: അയ്യോ, ഇതെന്തു കൃത്യാണപ്പാ. കുഞ്ഞിനെ ഇങ്ങനെ തല്ലിയാൽ ചത്തുപോകുമല്ലോ.

വിൽ: അവനും അവന്റെ അപ്പനും മരിക്കണം.

മാത്തു: [ബേബിയെ എടുത്തുയർത്തിയിട്ട്] അയ്യോ, ബോധം മറിഞ്ഞുപോയല്ലോ. ഇത്തിരി വെള്ളം. [പോയി വെള്ളം കൊണ്ടുവന്നു മുഖത്തു തളിക്കുന്നു. ബേബി എഴുന്നേറ്റിരിക്കുന്നു.]

വിൽ: അവന്റെ പ്രസംഗം. അവൻ മരിക്കണം. [ചവുട്ടാൻ കാലുയർത്തുന്നു. വക്കൻസാർ പ്രവേശിക്കുന്നു.]

വക്കൻ: [അമർഷത്തോടെ] വിൽസാ, നിറുത്തു്, അവനെ ശിക്ഷിക്കുവാൻ ഇന്നാളുണ്ടു്. [ബേബിയെ സമീപിക്കുന്നു.]

വിൽ: ഇറങ്ങെടോ എന്റെ വീട്ടിൽനിന്ന്, തന്റെ മകൻ! എടുത്തുകൊണ്ടു പോയില്ലെങ്കിൽ അപ്പനേം മകനേം ചവുട്ടിപ്പുറത്തിറക്കും.

വക്കൻ: ഇറങ്ങിപ്പോകാൻ സമ്മതമാണ്. നീ ഓർക്കുന്നുണ്ടോ, നിന്നെ സ്നേഹിക്കുകയും നിന്റെ സുഖത്തിനും ആനന്ദത്തിനുംവേണ്ടി പ്രയത്നിക്കുകയും ചെയ്ത ഒരു സഹോദരനോടാണിതെല്ലാം പറയുന്നതെന്ന്. എടാ വിൽസാ, എന്റെ ആവശ്യങ്ങളെക്കാൾ നിന്റെ ആവശ്യങ്ങൾ സാധിക്കുവാൻ ഞാൻ വിയർത്തൊലിച്ചു. പക്ഷേ, നീ അതെല്ലാം തെറിദ്ധരിക്കയും അവിശ്വസിക്കയും അവസാനം, എന്നെ വഞ്ചിക്കുകയും ചെയ്തു. നിന്നെ ഞാൻ സഹോദരനെപ്പോലെ കരുതി. എന്നാൽ, നീയൊരു അന്യന്റെ നിലയിലേക്കു സ്വയം താണിറങ്ങി. അതേ, നിന്നെ സ്നേഹിച്ചതു് ഒരപരാധമായിപ്പോയി. ആ അപരാധത്തിന്റെ പേരിൽ ഞാൻ ഇവിടെനിന്നിറങ്ങിത്തരാം. [കരയുന്നു.]

വിൽ തന്റെ പ്രസംഗം കേൾക്കാൻ എനിക്കു സമയമില്ല. ഇതുവരെ പോകുമെന്നു വിചാരിച്ചു. വലിഞ്ഞുകയറിയ വയ്യാവേലി! തെണ്ടികളുടെ ക്രൂരം!

വക്കൻ: അതേ, ഞങ്ങൾ തെണ്ടികൾ. എന്റെ രക്തം വിയർത്തതിൽ ശക്തി നേടിയ നിന്റെ നാവതു പറയണം. ഇറങ്ങിപ്പോകുന്നതിൽ വിരോധമില്ല. പക്ഷേ....

വിൽ: പക്ഷേ?

വക്കൻ: പക്ഷേ, ഇന്നു നിൻകൂടെ കൂടിയിരിക്കുന്നവർ നിന്റെ ചെമ്പുനാണയത്തിന്റെ കിലുക്കം കേട്ടു വന്നിട്ടുള്ളവരാണ്. ആ കിലുക്കം അവസാനിക്കുമ്പോൾ അവരും അകന്നുപോകും.

വിൽ: ഞാൻ പറഞ്ഞില്ലേ, ഇവിടെ പ്രസംഗമൊന്നും വേണ്ടെന്ന്. തന്റെയും തന്റെ മകന്റെയും ശല്യംകൊണ്ട് എന്റെ ഭാര്യ വഴക്കിട്ട പോയി. മനുഷ്യരാരും ഈ വീട്ടിൽ കയറാതായി.

[ബേബി ഏങ്ങിയേങ്ങിക്കരയുന്നു. വക്കൻസാർ ബേബിയെ സൂക്ഷിച്ചുനോക്കുന്നു.]

വക്കൻ: കരയാതെ മകനേ. തെരുവിൽ നടക്കുന്ന തോമായും വേലുവും നമ്മെ കരയിപ്പിക്കയില്ല. ഈ ലോകത്തിൽ നമ്മോടടുത്തവരേ നമ്മെ കരയിപ്പിക്കയുള്ളൂ. മകനേ, നമുക്കിവിടെനിന്നു പോകാം. [ബേബിയുടെ കണ്ണുനീർ തുടയ്ക്കുന്നു] വിൽസാ, നേരെചൊവ്വേ ആഹാരംപോലും കഴിക്കാതെ കിടക്കുന്ന ഈ കുഞ്ഞിനെ അടിക്കുവാൻ നിനക്കു തോന്നിയല്ലോ. എടാ, അനിയാ, നീ ശേഷിക്കുന്ന ചോറു മതിയായിരുന്നല്ലോടാ എന്റെ കുഞ്ഞുമകനു ജീവിക്കുവാൻ. [കരയുന്നു] മകനേ, നമുക്കു പോകാം.

മാത്തു: അയ്യോ, പോകാനോ? എങ്ങോട്ട്? [കരയാൻ ഭാവിക്കുന്നു.]

വക്കൻ: എവിടെയെങ്കിലും പോയിജീവിക്കണം, മരിക്കുന്നതുവരെ. ആത്മാർത്ഥതയില്ലാത്ത പണക്കാരൻ സമ്മാനിക്കുന്ന കൊട്ടാരത്തെക്കാൾ താമസിക്കുവാൻ നല്ലതു സ്നേഹം നിറഞ്ഞുനില്ക്കുന്ന പാവപ്പെട്ടവന്റെ ചെറ്റക്കുടിലാണ്. മാത്തു, എന്റെ ആ പെട്ടിയിങ്ങെടുത്തേ.

ബേബി: [കരഞ്ഞുകൊണ്ട്] വേണ്ടപ്പാ. അതും ചിറ്റപ്പനു്.

വക്കൻ: എങ്കിൽ, അതും അനിയാ നിനക്കിരിക്കട്ടെ. [ബേബിയുടെ മുഖത്തു നോക്കിയിട്ട്] അതാ, തിണർത്തുകിടക്കുന്നു. ദൈവമേ, ഈ ക്രൂരകൃത്യം ചെയ്യാനയാൾ കൈ

യ്ക്കു ശക്തിയും ആരോഗ്യവും കൊടുക്കുക. മകനേ, നിന്റെ ചിറപ്പനോട് അനുവാദം ചോദിക്കു.

[അപ്പനും മകനും ഇറങ്ങിപ്പോകുന്നു. അണിയറയിൽ ശോകഗാനം. വിൽസൺ അസ്വസ്ഥനായി നോക്കിനില്ക്കുന്നു. മാത്തു എന്തു ചെയ്യേണ്ടുവെന്നറിയാതെ വിഷമിക്കുന്നു.]

വിൽ: തെണ്ടികൾ, പോയിമരിക്കട്ടെ. [ഇരിക്കുന്നു.]

മാത്തു: ചേട്ടാ, അവരു ജീവിക്കുമെന്നാ എനിക്കു തോന്നുന്നതു്.

വിൽ: [എഴുന്നേറ്റിട്ടു്] പോടാ അവിടന്നു്, ഇനി നിനക്കാണു്. നീ കുറച്ചധികമാകുന്നുണ്ടു്. പോടാ, അപ്പുറത്തു്.

മാത്തു: അല്ല, ഞാൻ.... [പരുങ്ങുന്നു.]

വിൽ: അടുക്കളയിൽ കയറാനല്ലേ പറഞ്ഞതു്. എടാ, കയറാൻ....

മാത്തു: അല്ല, ഞാനൊന്നു പറഞ്ഞോട്ടെ. [പതുക്കെപ്പതുക്കെ പുറകോട്ടു നീങ്ങുന്നു.]

വിൽ: ഒന്നും പറയേണ്ട. കയറെടാ, അടുക്കളയിൽ. നിന്നോടു കയറാൻ.

മാത്തു: അങ്ങാടിയിൽ തോറ്റതിനു് അമ്മയോടു്.

[യവനിക.]

രംഗം ആറ്

[മാന്യമായ ഒരു ചായക്കടയുടെ 16-ാം നമ്പർ മുറി. മമ്മത്തു് മേശ തുടച്ചു വൃത്തിയാക്കുന്നു. ചായക്കടയുടെ മറ്റുള്ള മുറികളിൽ ബഹളം. "രണ്ടോളു 12 അണ. ആ വരുന്ന ആളെ ഗൗനിച്ചുവിടു്. രണ്ടു മസാലദോശാ.... മാനേജർ ബല്ലടിക്കുന്നു.]

മമ്മത്തു്: ഞമ്മ ബശമിക്കും. മമ്മത്തു ബശമിക്കും. അപ്പറത്തും ഇപ്പറത്തും ബഹളം. ഞമ്മമാത്രം നട്ടക്കു്.

[ഡോക്ടറും ശേഖറും പ്രവേശിക്കുന്നു. മാനേജർ മണിയടിക്കുന്നു.]

മമ്മ: [ഒറശപാസത്തിൽ] എന്തുവേണം സാർ? ശിക്കൻ റോസ്റ്റു്, മത്തൻ റോസ്റ്റു്, കത്തുലറു്, പൊട്ടറോശാസ്സു്, മസാലദോശു്, ഉഴുന്നുബട, പരിപ്പുബട, കായ ബറുത്തതു്, ബിരിയാണി, എന്തുവേണം സാർ?

ശേഖർ: താനിങ്ങനെ ശപാസം വിടാതെ പറഞ്ഞാൽ ക്ഷയം പിടിക്കുമല്ലോ.

മമ്മ: എന്തുചെയ്യാം സാർ, ഞമ്മ ഞമ്മന്റെ ജോലി നോക്കുപാ. ഞമ്മന്റെ ബീട്ടിൽ അല്ലെങ്കി പട്ടിണിയാ ബാക്കി ബരുന്നതു്. എന്തു ബേണം സാർ — ശിക്കൻ റോസ്റ്റു് — മട്ടൻ റോസ്റ്റു്.

ഡോ: കൊണ്ടുവാ. എന്തെങ്കിലും കൊണ്ടുവാ.

മമ്മ: രണ്ടാളു്, രണ്ടു ശിക്കൻ റോസ്റ്റു്. ഒരു പ്ലെയ്റു് പൊറോട്ടായും എടുക്കട്ടെ സാർ. [മുഖശത്തേക്കു തിരിഞ്ഞു] രണ്ടു പൊറോട്ടാക്കൂടി.... സാർ, ഏത്തക്കാ പുഴുങ്ങിയതു്? പോകുന്നു.]

ശേഖ: അവൻ തുലയണം. അവൻ തുലഞ്ഞാലേ നമുക്ക രക്ഷയുള്ളൂ.

ഡോ: ആര തുലഞ്ഞാലെന്താ, നമ്മുടെ കാര്യങ്ങൾ ശരിക്ക നടക്കണം. എങ്കിലും, ആ മണ്ടത്തരം ചെയ്യേണ്ടതില്ലായിരുന്നു.

ശേഖ: എന്നാ മണ്ടത്തരം. ഒന്നുമില്ലെന്നേ.

ഡോ: വക്കൻസാറിനെ പുറത്തിറക്കിവിട്ടത്. അയാളിപ്പോൾ മേപ്രത്തു് ഔസേപ്പച്ചന്റെ വീട്ടിലാണ താമസം. അയാളെ ഇറക്കിവിട്ടതിൽ പൊതുജനങ്ങൾ നമ്മളോടമർഷം കൊണ്ടിരിക്കുകയാ.

ശേഖ: പൊതുജനങ്ങൾ! ആ പട്ടികളുടെ അമർഷം ആര വകവയ്ക്കും? അല്ലെങ്കിൽ, പൊതുജനങ്ങളെന്നൊക്കെ പറയുന്നതു് ആരുണ്ടാക്കിയതാണു്. [ആലോചിച്ചിട്ടു്] എങ്കിലും, ഇതുയ്ക്കുണ്ടാകുമെന്ന ഞാനും വിചാരിച്ചില്ല. ഏതായാലും അവനെ തുലയ്ക്കണം. എന്താ ആലോചിക്കുന്നതു്?

ഡോ: അയാളുടെ അനിയന്റെ കാര്യമാണു്. നമ്മളം പറഞ്ഞതുപോലെ അയാളം ഇലക്ഷന നില്ക്കുമോയെന്നു? ആളൊര മടയനാണു്.

ശേഖ മടയനെന്നുവച്ചാൽ പക്കാമടയൻ. ഞാനൊരിക്കലും വിചാരിച്ചില്ല, അയാളുടെ ഭാര്യ എന്റെ പുറകേ പോരുമെന്നു്.

ഡോ: ഏതായാലും അവളെ വളരെ രഹസ്യത്തിൽ സൂക്ഷിച്ചില്ലെങ്കിൽ എല്ലാം....

ശേഖ: ഈ ശേഖർ കക്കാൻ പഠിച്ചിട്ടുണ്ടെങ്കിൽ നില്ക്കാനും പഠിച്ചിട്ടുണ്ടു്. അതിരിക്കട്ടെ, നമ്മളം പറഞ്ഞതനുസരിച്ചു വിൽസൺ ഇലക്ഷന നിന്നില്ലെങ്കിൽ?

ഡോ: നമ്മൾ പറഞ്ഞാൽ നില്ക്കാതെ എവിടെ പോകും?

ശേഖ: നിന്നില്ലെങ്കിൽ ബൂർഷ്വായാണെന്നും പാർട്ടിയിൽ നിന്നു ലിക്വിഡയ്റ്റു് ചെയ്യുമെന്നും പറഞ്ഞു ഭയപ്പെടുത്തണം.

ഡോ: എന്തിനു ഭയപ്പെടുത്തലൊക്കെ. നില്ക്കുമെന്നു ഞാനല്ലേ പറയുന്നതു്. അല്ലെങ്കിൽ, ഫിസിക്കൽ ലിക്വിഡയറ്റു് തന്നെ നടത്തിക്കളയാം.

ശേഖ: ഞാൻ ഉള്ളകാര്യം പറഞ്ഞേക്കാം. അയാളെ ഇലക്ഷനു നിറുത്തിയാലേ ബാക്കിയുള്ള പണം കൂടി അടിച്ചെടുക്കാൻ പറ്റൂ.

ഡോ: കിട്ടുന്നതിൽ പകുതി.

ശേഖ: എന്തിനു പകുതി, കാൽഭാഗം കൂടിയിരിക്കട്ടെ.

[മമ്മതു കാപ്പിയുമായി പ്രവേശിക്കുന്നു.]

മമ്മ: ഞമ്മ ബളരെ ബയികിപ്പോയില്ലേ?

ശേഖ: ഓ, സാരമില്ല.

മമ്മ: ഇനി ബല്ലതും ബേണോ? ബായക്കാ ബട്ടം ബറുത്തതു്?

ഡോ: രണ്ടു കട്ടലറു് കൂടി.

മമ്മ: 16-ാം നമ്പറിൽ രണ്ടു കട്ടലെറു് കൂടി. [പോകുന്നു.]

[ശേഖർ, ഡോക്ടർ കാപ്പി കുടിക്കുന്നു.]

ശേഖ: ശല്യം! എന്താ സ. വിൽസൺ വരാമെന്നു പറഞ്ഞിട്ടു് ഇതുവരേയും കാണാത്തതു്?

ഡോ: ഇങ്ങു വന്നില്ലെങ്കിൽ അയാളുടെ വീട്ടിൽ പോയി കാണണം. ഏതായാലും ഇന്നു കണ്ടിട്ടുതന്നെ.

ശേഖ: അയാളെ ഇലക്ഷനു നിറുത്തിയിട്ടേ ഇനി പ്രോഗ്രാ
. മുള്ളൂ.

ഡോ: മറ്റേക്കായ്ത്തെപ്പറ്റി എന്തു പറയുന്നു? അവനും അവ
ന്റെ എഴുത്തും. അവനും അവന്റെ ലീജനും. എല്ലാം
തകരണം.

ശേഖ: 'ലീജനോഫ് മേരി' ശക്തിപ്പെട്ട വരികയാണ്. ക്രൂ
സ്ത്യാനികളായ ക്രൂസ്ത്യാനികൾ സകലരും അതി
ന്റെ കീഴിലായി.

ഡോ: അവരാണ നമ്മളെപ്പറ്റി ഇല്ലാത്ത ദൂഷണങ്ങളൊക്കെ
പറഞ്ഞു പരത്തുന്നതു്. വ്യഭിചാരികളാണെന്നും കൂടി
യന്മാരാണെന്നുമൊക്കെ. അഥവാ, അങ്ങനെയുണ്ടെങ്കിൽ
ത്തന്നെ അതു പുറത്തു പറയാമോ?

ശേഖ: വക്കൻസാർ! അവനെ ആട്ടിയും കാച്ചണം. അല്ലെങ്കിൽ,
നാട്ടിൽക്കൂടി മാന്യമായി നടക്കാനൊക്കുകയില്ല.

ഡോ: അതിനെന്താണൊരു വിദ്യ.

ശേഖ ഇപ്പോൾ, മർട്ടനങ്ങളൊക്കെയെടുത്താൽ ജനങ്ങൾ
ക്ഷോഭിക്കും. പണ്ടായിരുന്നെങ്കിൽ കാണിച്ചുകൊടുക്കാ
മായിരുന്നു. ഒറ വെട്ടു്, രണ്ടു കഷണം.

ഡോ: ഇന്നു നയവും ചതിവുമാണു വേണ്ടതു്. ഇളകാത്ത തീ
രുമാനങ്ങൾ, ഇടറാത്ത കാൽവയ്പുകൾ.

ശേഖ: [ആലോചിച്ചിട്ടു്] ഒരു വിദ്യ വരുന്നുണ്ടു്. [വീണ്ടും
ആലോചിക്കുന്നു.]

ഡോ: പറയൂ, ഞാൻകൂടി ആലോചിക്കാമല്ലോ.

[അപ്പുറത്തു ചായക്കടയിൽ ബഹളം. "രണ്ടുപേരെ
വെറുതേ വിട്ടു. മൂന്നാം ഒരു ശ്രമം."]

ശേഖ: ഭരിതം, ഈ ജന്തുക്കൾ മനുഷ്യരെക്കൊണ്ടാലോചി
പ്പിക്കുകയില്ലല്ലോ. ഒരു വിദ്യ. ഒരേ ഒരു വിദ്യ, കറക്ടു
നടിച്ചിരിക്കും.

ഡോ: എന്തൊന്നാണെന്നു പറയണം. ആളെ വിഷമിപ്പിക്കല്ലേ. വേഗം പറയൂ. വല്ല ജന്തുക്കളും വന്നുകയറുന്നതിനു മുമ്പ്.

ശേഖ: വക്കൻസാറിന് ഈയിടെയായിട്ട് അടുത്തടുത്തു പനി വരുന്നെന്നാണു കേട്ടതു്. തുള്ളപ്പനി. ഒരു ദിവസം ഡോക്ടർ അങ്ങു ചെല്ലണം, രോഗം സുഖപ്പെടുത്താനുള്ള ഭാവേന. കൂടെ പോയിസൻ നെർവ്സ്സിലങ്ങു കുത്തിവയ്ക്കണം. അങ്ങനെ അവിടെക്കിടന്നു നരകിച്ചു മരിക്കണം. പിന്നെ, അയാളുടെ ഹൃദയം സ്പന്ദിക്കയില്ല; അയാളുടെ പേന നമ്മുടെനേരെ ചലിക്കയില്ല.

ഡോ: വിദ്യ നല്ലതാണു്. പക്ഷേ, ചെയ്യഫലിപ്പിക്കുന്ന കായ്യമാണു വിഷമം. [കാപ്പി കുടിക്കുന്നു.]

ശേഖ: എന്താണു ഡോക്ടറിനു വിഷമം. ഇതിലും ഭയങ്കരകൃത്യങ്ങൾ ചെയ്തിട്ടില്ലേ? അതുമല്ല, മാനമായും സമാധാനമായും ജീവിക്കണമെങ്കിൽ മതി. [ചുറ്റും നോക്കുന്നു] പക്ഷേ, എല്ലാം രഹസ്യമായിരിക്കണം.

ഡോ: ഏതായാലും ഒരു കൈ നോക്കാം. വേണ്ടിവന്നാൽ രണ്ടിലൊന്നു്. ആ കലാകാരൻ എന്റെ കൈകൊണ്ടു തുലയണമെന്നാണു വിധിയെങ്കിൽ അതും നടക്കട്ടെ ശേഖർ.

[വിൽസൺ പ്രവേശിക്കുന്നു.]

വിൽ: എന്തു നടക്കണമെന്നാണു പറയുന്നതു്?

ഡോ: അതെല്ലാമിരിക്കട്ടെ, ഞങ്ങൾ പറഞ്ഞ കായ്യം എന്തായി? ഒരുപക്ഷേ, തീർച്ചപ്പെടുത്തുവാൻ താമസിച്ചതായിരിക്കും. കാത്തുകാത്തിരുന്നു കാണാഞ്ഞിട്ടു ഞങ്ങൾ വീട്ടിലേക്കു വരാനൊരുങ്ങിയതാണു്.

വിൽ: ഞാൻ വീട്ടിലില്ലായിരുന്നു. നമ്മുടെ ഭാര്യയെ അനേപ ഷിച്ച് ഒരാളെ കുന്നംകോട്ടിലേക്കു വിടുവാൻ ആ മുക്കുവരെ ഒന്നു പോയിരുന്നു.

ഡോ: ഭാര്യ! സ്നേഹമില്ലാത്ത ഭാര്യ! പോയെങ്കിൽ പോകട്ടെ. ഭാര്യയും മകനും, അപ്പനും അമ്മയും, എന്തൊരു ബന്ധങ്ങൾ! ഇതെല്ലാം പഴയ തലമുറയുടെ അവശിഷ്ടങ്ങളാണ് വിൽസൺ. ഇതെല്ലാം മാറിപ്പോകും.

ശേഖ: സ. വിൽസൺ, ഇനി അനേപഷണമൊക്കെ നിറുത്തുന്നതാണു നല്ലതു്. അല്ലെങ്കിൽ ലോകത്തിൽ വേറെ പെണ്ണുങ്ങളില്ലേ? ഇൻഡ്യയിൽ ശരാശരി നോക്കിയാൽ പെണ്ണുങ്ങളാണു കൂടുതൽ.

ഡോ: അപ്പോൾ ചോദിച്ചുകായ്യം എന്തായി?

വിൽ: എന്താ പുതിയ കല്യാണക്കായ്യം വല്ലതുമാണോ?

ശേഖ: അതെ. ഒരു വലിയ കല്യാണക്കായ്യം. രാജ്യമാകുന്ന ആ കൊച്ചുറാണിയെ വിൽസൺ കല്യാണം ചെയ്യണം. അടുത്ത ഇലക്ഷൻ പാർട്ടിയുടെ ടിക്കറ്റിൽ നിങ്ങൾ നിന്നോ പാർട്ടി.

വിൽ: ഞാൻ ആലോചിക്കാതിരുന്നില്ല. പക്ഷേ....

ഡോ: നിങ്ങളെക്കാൾ യോഗ്യനായ മറെറാരു വ്യക്തിയെ പാർട്ടി കണ്ടുപിടിച്ചിട്ടില്ല. കണ്ട കാളനേയും ഊളനേയും പിടിച്ചു രാജ്യം ഭരിക്കാനേർപ്പെടുത്താമോ? രാജ്യഭരണം അന്തസ്സും അഭിമാനവുമുള്ള ജോലിയാണെങ്കിലും ഭാരമേറിയ ജോലിയാണ്. അതിനു സൂക്ഷിച്ചുവേണ്ടേ ആളെ തെരഞ്ഞെടുക്കാൻ.

[അകത്തു ചായക്കടയിൽ ബഹളം. മമ്മത് പ്രവേശിക്കുന്നു.]

മമ്മ: എന്താ സാർ, ഞമ്മ ഒരു ചായക്കൂടി കൊണ്ടുബരട്ടേ? ചിക്കനും പൊറോട്ടായും,

ഡോ: ചോദിക്കണണ്ടോ?

വിൽ: ഒരു ചായമാത്രം മതി. [മമ്മത്തു പോകുന്നു.]

ശേഖ: പറഞ്ഞതു കേട്ടോ. നോമിനേഷൻ പെയ്പ്പർ ഇന്നു തന്നെ കൊടുക്കണം.

ഡോ: പാർട്ടിയുടെ വിജയം സ. വിൽസന്റെ വിജയം. സ. വിൽസന്റെ വിജയം എല്ലാവരുടേയും വിജയം. എന്തിനു മടിക്കുന്നു?

ശേഖ: എനിക്കിതുയേ പറയാനുള്ളു. സ. വിൽസൺ മന്ത്രിക്കസേരയിലിരിക്കുമ്പോൾ ഞങ്ങളെക്കൂടി ഓർക്കണം.

വിൽ: ഏതുതരത്തിലെങ്കിലും ഒഴിഞ്ഞു മാറാനാണു വിചാരിച്ചതു്. നിങ്ങൾ പറഞ്ഞാൽ വിസമ്മതിക്കുന്നതെങ്ങനെ? ഏതായാലും പണം കുറെ പോയാലും തരക്കേടില്ല, എന്തു സഹിക്കേണ്ടിവന്നാലും തരക്കേടില്ല, അട്ടത്ത ഇലക്ഷൻ ജയിക്കുകതന്നെ. [മമ്മത്തു് ചായ കൊണ്ടുവന്നിട്ടു പോകുന്നു.]

ശേഖ: എന്നാ സഹിക്കാനാണു്; ഒന്നുമില്ല. വിൽസൺ ചുമ്മാ വീട്ടിലിരുന്നാൽ മതി. വേണ്ടിവന്നാൽ, അത്യാവശ്യത്തിനു് ഒന്നോ രണ്ടോ പ്രസംഗങ്ങൾകൂടി നടത്തണം. എല്ലാം ഡോക്ടർ നടത്തിക്കൊള്ളും. ക്രൂപാ അത്യാവശ്യത്തിനു കൊടുത്താൽ മതി.

ഡോ: ക്രൂപാ ഒരു പ്രശ്നമല്ല. നമുക്കു കുറേ പണമുള്ള ആളുകൾ വേണം.

[വിൽസൺ കാപ്പി കുടിക്കുന്നു.]

ശേഖ: അതിനാണോ വിഷമം? പണം കാണുമ്പോൾ ഒന്നു ചിരിക്കാത്ത മനുഷ്യരുണ്ടോ?

വിൽ: [പോകാൻ എഴുന്നേല്ക്കുന്നു] നോമിനേഷൻ പെയ്പ്പർ ഇന്നുതന്നെ കൊടുത്തുകൊള്ളൂ. എനിക്കൊന്നു 'ടെഷറി'വരെ പോകാനുണ്ട്. നിങ്ങളും സൗകര്യംപോലെ വന്നാൽ മതി. [പോകുന്നു.] അകത്തു്: ഒരാളെ വെടുതെവിട്ടു്.

ശേഖ: എടാ, പണി പറ്റി. അവന്റെ ഇലക്ഷനും അവന്റെ പ്രസംഗവും. പണം കിട്ടുന്നിടത്തോളം വാങ്ങിച്ചെടുക്കണം. ഇനി അടുത്തതു വക്കന്റെ കഥ കഴിക്കുന്നകാര്യം. അതുകൂടി ചെയ്യുകഴിഞ്ഞാൽ നാം ജയിച്ചു, നിശ്ചയം.

ഡോ: അവനും അവന്റെ ലീജനും അവന്റെ നാവും അവന്റെ പേനായും ഭൂമുഖത്തുനിന്നു മറയണം. അപ്പോൾ ജനങ്ങൾ നമ്മുടെ പുറകെ തുങ്ങിക്കൊള്ളും.

[അകത്തു ബഹളം. മൂന്നു ചായ പതിനഞ്ചിൽ. ഒരു മസാലദോശാ.]

[യവനിക]

രംഗം ഏഴ്

[ജോളിഹൗസിലേ ഒരു മുറി. സ. വിൻസൺ ആലോചിച്ചുകൊണ്ട് അങ്ങുമിങ്ങും നടക്കുന്നു.]

വിൽ: പണക്കാരനാകാൻ വിഷമമില്ല. ആരെ പറഞ്ഞുപ്പെടുകിലും അതു സാധിക്കാം. പക്ഷേ, പ്രസംഗിക്കാൻ ആരെക്കൊണ്ടു സാധിക്കും? ഒരു ജോലിയുമില്ലാതെ കുത്തിയിരുന്നു തുറിച്ചു നോക്കുന്ന പത്തുപതിനായിരക്കണക്കിനാളുകളും! അവരുടെ നോട്ടം കാണുമ്പോൾത്തന്നെ ആളിന്റെ ആയുസ്സുപോകും. ഒന്നോ രണ്ടോ ആളുകളാണെങ്കിൽ അരക്കൈ നോക്കാമായിരുന്നു.

[മാത്തു പ്രവേശിച്ചിട്ട് ആരെയോ കാണുവാനെന്നോണം ചുറ്റും നോക്കുന്നു.]

വിൽ: നീ ആരെയാണടാ, ഒരു ഭ്രാന്തനെപ്പോലെ തിരിഞ്ഞുമറിഞ്ഞു നോക്കുന്നതു?

മാത്തു: അതുതന്നെയാണു ഞാനും ചോദിക്കുന്നതു്. ആരാ സാധാരണ തനിയെ സംസാരിക്കുന്നതു്? അല്ല, മാത്തുവിന് അധികം പഠിപ്പൊന്നുമില്ല, കേട്ടോ.

വിൽ: നിനക്കു കളി. എനിക്കു പ്രാണവേദന.

മാത്തു: അങ്ങനെയൊരു വേദനയ്ക്കു ഈ വീട്ടിൽ കാര്യമില്ലല്ലോ?

വിൽ: നിനക്കെന്തറിയാം. എന്റെ തല പുകയുന്നു.

മാത്തു: അപ്പം, തീർച്ചയായും തലയിൽ തീ കാണും. ഭയങ്കരം, ഭയങ്കരം!

വിൽ: ങാ, തീയാണു്. എടാ, നാളെ നാലഞ്ചിടത്താണു പ്രസംഗിക്കാനുള്ളതു്.

മാത്തു: രണ്ടെണ്ണം വല്ലവരേം ഏല്പിക്കണം. ചില്ലറക്കായ്മംവല്ലതുമാണോ? നാലഞ്ചു പ്രസംഗോം ചെയ്യേ തളർന്നുവരുമ്പം ഞാനാ ശുശ്രൂഷിക്കാനുള്ളതു്. കൊറേ ചേതമുണ്ടു്.

വിൽ: ഞാൻ ചെയ്യേണ്ടതു ഞാൻതന്നെ ചെയ്യണം. എടാ, തുമ്പാ ചെല്ലേണ്ടിടത്തു സൂചി ചെന്നാൽ പറവുമോ?

മാത്തു: ഒക്കത്തില്ല. തുമ്പാ തന്നെ ചെല്ലണം, എങ്കിലേ നമ്മുടെ വശത്തേക്കു മണ്ണുവെട്ടിയിടാൻ പറയൂള്ളൂ.

വിൽ: നീയെന്നെ ശല്യപ്പെടുത്താതെ. പോയല് പം കാപ്പി കൊണ്ടുവന്നേ. [മാത്തു പോകുന്നു.]

വിൽ: [ഒരു കടലാസെടുത്തു നോക്കിയിട്ടു മേശപ്പുറത്തു നിവർത്തിവയ്ക്കുന്നു. പ്രസംഗം തുടങ്ങുന്നു.]

വിൽ: ദേശീയപ്രബുദ്ധരായ നാട്ടുകാരേ, [കടലാസിൽ നോക്കുന്നു.]

വിൽ: അമ്പമ്പോ, ഇതെല്ലാം ആരെക്കൊണ്ടു പഠിക്കാൻ സാധിക്കും. കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത വാക്കുകളും. കടിച്ചാൽ പൊട്ടാത്ത വാക്കുകളും. ഏതായാലും, പരീക്ഷിക്കുകതന്നെ.

ദേശീയപ്രബുദ്ധരായ നാട്ടുകാരേ,

ഇവിടെ തടിച്ചുകൂടിയിരിക്കുന്ന ജനാവലിയെ കാണുമ്പോൾ നീണ്ടുനിവർന്നുകിടക്കുന്ന പെസഫിക്ക് മഹാസമുദ്രമാണു് എന്റെ ഓർമ്മയിൽ വരുന്നതു്. [മാത്തു കാപ്പിയുമായി വരുന്നു.]

മാത്തു: ഹീയർ, ഹീയർ!

വിൽ: നിന്നോടാരു പറഞ്ഞു ഹീയറടിക്കാൻ?

മാത്തു: ഞാനങ്ങു സ്വന്തം കൈയിന്നെടുത്തടിച്ചതാണു്.

വിൽ: നിറുത്തെടാ.

മാത്തു: ചേട്ടൻ കോപിക്കാതെ. എനിക്ക് അധികം വായനേം പഠിപ്പും ചെന്നിട്ടില്ലെങ്കിലും എന്റെ ആയിസ്സിൽ പത്തുനൂറു പ്രസംഗങ്ങൾം കേട്ടിട്ടുണ്ട്.

വിൽ: അതിനു ഞാനെന്തുവേണം. [കാപ്പി കുടിക്കുന്നു.]

മാത്തു: അതല്ലേ പറഞ്ഞുവരുന്നതു്. ഹീയറും കൈയടിയുമില്ലാതെ പ്രസംഗം എങ്ങനെ പ്രസംഗമാകും? ഒന്നരണ്ടു ഹീയറും കൈയടിയുമൊക്കെ ഉണ്ടായാലേ പ്രസംഗിക്കുന്നയാൾക്കു വാശിയും വൈരാഗ്യവും പരവേശവും അരിശവുമൊക്കെ ഉണ്ടാകത്തൊള്ളു.

വിൽ: അതെന്തിനാടാ പരവേശം?

മാത്തു: പരിഭ്രമോം പരവേശോം ഉണ്ടെങ്കിലേ ആളുകൾം വിചാരിക്കയുള്ളു, പ്രസംഗിക്കുന്നയാൾം ഉള്ളീക്കൊണ്ടാണു പായുന്നതെന്നു്. ഏതായാലും നിറുത്തേണ്ട. ഞാനങ്ങു പോയേക്കാം.

വിൽ: നീയങ്ങു പോയാലോ. ആരെങ്കിലും കേൾക്കൻവേണ്ടേ.

മാത്തു: എന്റെ ചേട്ടാ, പണ്ടത്തെക്കാലമൊന്നുമല്ല. ഇപ്പോൾം, ചിലർക്കു പ്രസംഗിക്കണമെന്നു തോന്നിപ്പോയാൽ ആളാരുമില്ലെങ്കിലുംശരി അവരു പ്രസംഗിച്ചാലേ അടങ്ങൂ. അന്നാ തുടങ്ങു ചേട്ടാ. ഞാൻ എത്രനേരം വേണമെങ്കിലും നിന്നുതരാം. പ്രസംഗിച്ചോ.

[വിൽസൺ പ്രസംഗം തുടങ്ങുന്നു.]

വിൽ: നാം ഇന്നു ജീവിക്കുന്നതു ഭൂഷിച്ചുനാറിയ ഒരു വ്യവസ്ഥിതിയിലാണു്. [പുറകോട്ടു തിരിഞ്ഞു] മാത്തു, നീ ആ കതകൊന്നടച്ചേരു്. വല്ലവരും വന്നുകയറിയാൽ ശല്യമാകും. [മാത്തു കതകടയ്ക്കുന്നു.]

വിൽ: [ഒറ്റശ്വാസത്തിൽ] ഈ വ്യവസ്ഥിതിയിൽ കിടന്നു വീർപ്പു മുട്ടി മരിക്കുമെന്ന ഘട്ടത്തിൽ എത്തിയിരിക്കുകയാണു നാം.

മാത്തു: ഇതിൻറകത്തു സാഹിത്യമില്ല ചേട്ടാ. എല്ലാം മനസ്സിലാകുന്ന ഭാഷ.

വിൽ: നിനക്കു സാഹിത്യമെന്താണെന്നറിയാമോ?

മാത്തു: എനിക്കതു അറിവൊന്നും ചെന്നിട്ടില്ലെങ്കിലും കൊച്ചൊക്കെ എനിക്കറിയാം. സാഹിത്യമെന്നുവച്ചാൽ കട്ടകടാന്നിരിക്കണം കേട്ടാൽ, അർക്കും മനസ്സിലാകരുത്, ഒറ്റശ്വാസത്തിൽ മുഴുവൻ പറകേംവേണം.

[ആരോ കതകിൽ മുട്ടുന്നു.]

വിൽ: ചെന്നാരാണെന്നു നോക്കിയേ. [മാത്തു പോയി നോക്കിയിട്ട്.]

മാത്തു: സാറിനു പ്രസംഗമെഴുതിത്തന്നദ്ദേഹം. നമ്മുടെ ഡോക്ടർസാർ.

[ഡോക്ടർ വളരെ തിടുക്കത്തിൽ പ്രവേശിക്കുന്നു].

വിൽ: എന്തോന്നാ ഇത്ര തിടുക്കത്തിൽ?

ഡോ: [പരിഭ്രമത്തോടേ] എല്ലാം തകരും; എല്ലാം ഒന്നോടേ തകരും സൂക്ഷിച്ചില്ലെങ്കിൽ. നമ്മുടെ ശത്രുപക്ഷം പ്രവർത്തനങ്ങൾ ഉഗ്രമായി നടത്തുന്നു. നിങ്ങളുടെ ചേട്ടനു തുള്ളപ്പനിയാണെങ്കിലും ചത്തു ജോലി ചെയ്യുന്നു.

വിൽ: ചേട്ടൻ! അനിയന്റെ കഴുത്തിനു കത്തി വയ്ക്കുന്ന ചേട്ടൻ!

ഡോ: അയാൾ മാത്രമോ? അയാളുടെ കീഴിൽ ലീജന്റെ പ്രവർത്തനങ്ങളും ശക്തിയാണ്. ഉള്ള ക്രസ്ത്യാനികൾ മുഴുവൻ കോൺഗ്രസ്സിലാണ്. മഹന്മതീയരുടെ കാര്യം പറയേണ്ട. ചുരുക്കിപ്പറഞ്ഞാൽ ദൈവവും ആത്മാവുമുള്ളവരൊക്കെ അങ്ങേ സൈഡിലാണ്.

വിൽ: അതിനെന്താ വേണ്ടതു്? ഒന്നോ രണ്ടോ വോട്ടിനെ

കിലും ജയിച്ചാൽ മതിയായിരുന്നു. ചേട്ടൻ! അയാളെ അങ്ങു തകർത്തെങ്കിൽ!

ഡോ: അതെല്ലാം പിന്നാലെ ആവാം.

വിൽ: അയാൾ തകരണം.

ഡോ: അയാളെ തകർക്കാം. ഇലക്ഷൻ റിസൽറ്റു് പുറത്തു വരട്ടെ. നമ്മൾ തോറ്റാൽ അതോടേ അയാളും തുലയും.

വിൽ: [കോപത്തോടേ] അയാൾ നശിക്കണം.

ഡോ: നശിപ്പിക്കാം. ഇപ്പോൾ അത്യാവശ്യമായി വേണ്ടതു പണമാണു്. പണം വാരിയെറിയുന്നതുപോലിരിക്കും വോട്ടിന്റെ കുടുതൽ കുറവു്.

വിൽ: പണം! പണം! രണ്ടു മൂന്നു പറമ്പെഴുതി ഇതിനിടയിൽ.

ഡോ: അതൊന്നും സാരമില്ല. കിട്ടിയാൽ എന്താണു കിട്ടുന്നതു്! കീർത്തി, സ്ഥാനം, പുറകെ പണവും ഭരണവും.

വിൽ: ഒരോട്ടിനെങ്കിൽ ഒരോട്ടു്. ജയിച്ചാൽ മതിയായിരുന്നു.

ഡോ: എന്തേ ഒന്നായിപ്പോയി. നാളത്തെ മീറ്റിംഗിന്റെ കാര്യം എന്തായി. പ്രസംഗം പഠിച്ചല്ലോ.

വിൽ: പഠിച്ചുവരുന്നു.

ഡോ: ഒന്നു പ്രാക്ടീസുചെയ്തേ.

വിൽ: ഇതാ നോക്കിക്കോ? [എഴുതിയ കടലാസു ഡോക്ടർ വാങ്ങുന്നു. പ്രസംഗം തുടങ്ങുന്നു.]

ദേശീയ പ്രബുദ്ധരായ നാട്ടുകാരേ, ഇവിടെ തടിച്ചുകൂടിയിരിക്കുന്ന ജനാവലിയെ കാണുമ്പോൾ, വിശാലമായി നീണ്ടുനിവർന്നുകിടക്കുന്ന പൊസഫിക്ക് മഹാസമുദ്രമാണു് എന്റെ ഓർമ്മയിൽ വരുന്നതു്.

നാം ഇന്നു ജീവിക്കുന്നതു ദുഷിച്ചുനാറിയ ഒരു വ്യവസ്ഥിതിയിലാണു്. ഈ വ്യവസ്ഥിതിയിൽ കിടന്നു വീർപ്പു മുട്ടി മരിക്കുമെന്ന ഘട്ടത്തിൽ എത്തിയിരിക്കുന്നു നാം. ഈ വ്യവസ്ഥിതി മാറണം. അല്ലെങ്കിൽ. മാറിക്കും. ചട്ടിയും കലവും മണ്ണാണെങ്കിൽ, അമ്മയും പെങ്ങളും പെണ്ണാണെങ്കിൽ, അരിവാളും ചുറ്റികയും ഇരുമ്പാണെങ്കിൽ, നിങ്ങളും ഞാനും ആണാണെങ്കിൽ ഈ വ്യവസ്ഥിതി മാറണം.

ഡോ: ബലേ ഭേഷ്. വളരെ നന്നായിട്ടുണ്ടു്. ഇതുപോലെ ബാക്കിക്രൂടെ പഠിച്ചാൽ മതി. [തിരികെ കടലാസ് ഏല്പിക്കുന്നു.]

വിൽ: നന്നായിട്ടുണ്ടോ?

ഡോ: പറയണോ. അപ്പോൾ, പണത്തിന്റെ കാര്യം?

വിൽ: ഞാൻ ബാങ്കിലേക്കു വരാം.

ഡോ: അപ്പോൾ, ഒരു കാര്യം തീർത്തു പറയാം. നിങ്ങളുടെ ചേട്ടനാണെന്നു കരുതി വിഷമിക്കേണ്ട. നമ്മളോ തോറ്റാൽ അതോടേ അയാളുടെ നാഡിയടിയും നില്ക്കും. [പോകുന്നു.]

വിൽ: അയാൾ തുലയണം. നാം ജീവിക്കണം. [പോകുന്നു.]

മാത്തു: [ഒരു പാത്രത്തിൽ കാപ്പിയും ഔലോസുമായി പ്രവേശിച്ചിട്ടു്] ഞാൻ ഔലോസുമായി വന്നപ്പം ഡോക്ടർ സാറു കടന്നുകളഞ്ഞോ? അവന്മാരുടെ പാർട്ടി!

[യവനിക]

രംഗം എട്ട്

[മേപ്രത്തു് ഔസേപ്പച്ചന്റെ വീട്. വക്കൻസാർ പനിയായി കട്ടിലിൽ ചാരിയിരുന്നു് എന്തോ എഴുതിക്കൊണ്ടിരിക്കുന്നു. ഔസേപ്പച്ചൻ അടുത്തു് ഒരു ബഞ്ചിൽ ഇരിക്കുന്നു.]

ഔസേ: എന്റെ സാറേ, പനിയായിരുന്നു് ഇങ്ങനെ എഴുതിയാൽ....

വക്കൻ: അതു സാരമില്ല. ഇന്നടിച്ചു പുറത്തിറക്കുവാനുള്ള ലഘുലേഖയാണു്. എഴുതിത്തീർത്തില്ലെങ്കിൽ....

ഔസേ: എന്താ സാറേ, ഇലക്ഷനിൽ ജയമാർക്കാ? കമ്മ്യൂണിസ്റ്റുകാർ വീടുതോറും നടന്നു കൃപാ വാരിയെറിയുകയാണെന്നാ കേട്ടതു്.

വക്കൻ: അതിനെന്താ. നമ്മുടെ നാട്ടിലേ ജനങ്ങൾ കൃപാ വാങ്ങി അഭിമാനം വില്ക്കുന്ന കൂട്ടത്തിലല്ല. അതുമല്ല, ലീജനോഫ് മേരിയുടെ അംഗങ്ങൾ രൂപകൽ ബുദ്ധിമുട്ടുന്നു മുണ്ടു്.

ഔസേ: എങ്ങനെ ബുദ്ധിമുട്ടാതിരിക്കും. സാറല്ലേ അതിന്റെ പ്രസിഡൻറു്. സാറു പനിയായിട്ടും ജോലി ചെയ്യാൻ പോയാൽ, പിന്നെ അവരു ചുമ്മാതിരിക്കോ? ഞാൻ വലുതു പറകയല്ല. ലീജൻ ഒരനുഗ്രഹമാണു് ഈ നാട്ടിനു്. പള്ളിയും പട്ടക്കാരനുമില്ലാതെ, തെക്കുവടക്കു 'ലാലാ'പാടിനടന്ന ഞാൻക്രൂടി ദിവസോം പള്ളീപോകാമെങ്കിൽ.... പിന്നെ മറുള്ളവരുടെ കാര്യം പറയണ്ണോ?

വക്കൻ: ഔസേപ്പച്ചാ, ഈ ലോകത്തിൽ നന്നാകാത്തവ

രായി ആരും തന്നെയില്ല. നമ്മൾ അവർക്കുവേണ്ടി പ
രിശ്രമിക്കണം. നാന്നാകാനുള്ള വഴി അവർക്കു നമ്മൾ
കാണിച്ചുകൊടുക്കണം.

[ബേബി പുസ്തകവുമായി കോളേജിൽനിന്നു വരുന്നു.]

വക്കൻ: എടാ ബേബീ, നീ പ്രസംഗം പഠിച്ചുതീർന്നോ?

ബേബി: അല്പംകൂടിയുണ്ട്. ആ അവസാനഭാഗം.

വക്കൻ: നീ വിചാരിച്ചിരുന്നെങ്കിൽ പഠിച്ചുതീർക്കാമായി
രുന്നു.

ബേബി: സമയം കിട്ടിയില്ല.

വക്കൻ: നിനക്കു സമയം കിട്ടിയില്ല! വേണ്ടാ, ഞാൻതന്നെ
പോകാം.

ഔസേ: അയ്യോ, പനിയായിട്ടിരിക്കുന്നയാൾ പ്രസംഗിക്കാൻ
പോയാൽ വല്ലിടത്തും തല കറങ്ങിവീഴും.

വക്കൻ: എടാ ബേബീ," നിന്നോട് പലപ്പോഴും പറഞ്ഞിട്ടു
ള്ളതു് ആവർത്തിക്കയാണു്. ദൈവത്തിന്റെ മഹത്വ
ത്തിനുവേണ്ടി, നമുക്ക് ഈ ലോകത്തിനു് എന്തു നന്മ
ചെയ്യുവാൻ സാധിക്കുമെന്നതായിരിക്കണം നമ്മുടെ
ചിന്ത. ഞാൻ മരിച്ചുപോയാലും ഈ ചിന്ത നിന്റെ
കൂടെ എപ്പോഴുമുണ്ടായിരിക്കണം.

ഔസേ: ആ ചിന്ത ഉണ്ടാകാനാ ഇത്തിരി പാട്.

വക്കൻ: ചിന്ത ഉണ്ടായാൽ മാത്രംപോരാ. അതിനുവേണ്ടി
നിത്യം പ്രയത്നിക്കുകയും വേണം. മഹാന്മാർ മഹാന്മാ
രായതു് ഇതുകൊണ്ടാണു്. നിനക്കീ വിചാരമുണ്ടായിരു
ന്നെങ്കിൽ ആ പ്രസംഗം ഇതിനിടയിൽ പഠിച്ചുതീർക്കാ
മായിരുന്നു.

[ചാക്കോച്ചൻ പ്രവേശിക്കുന്നു. ബേബി ഒരക്ഷരം മിണ്ടാതെ മാറിനില്ക്കുന്നു.]

വക്കൻ: എന്താ ചാക്കോച്ചാ, എങ്ങനെയിരിക്കുന്നു പ്രവർത്തനങ്ങൾ?

ചാക്കോ: ശ്രമിച്ചാൽ ഫലിക്കാത്ത കാര്യങ്ങളുണ്ടോ? ലഘുലേഖ എഴുതിത്തീർന്നെങ്കിൽ ഞാനിപ്പം പ്രസ്സിലേക്കു കൊടുത്തേക്കാം.

വക്കൻ: എല്ലാം ശരിപ്പെട്ടിരിക്കയാണു്. [ലഘുലേഖ മടക്കി കൊടുക്കുന്നു.]

ചാക്കോ: ചേട്ടനറിഞ്ഞുകാണുമോയെന്തോ? നാളെ നമ്മുടെ വിൽസൺചേട്ടനാണു പ്രസംഗിക്കാൻ വരുന്നതെന്നു കേട്ടു.

ഔസേ: ആരു വന്നാലെന്താ. ഒന്നും വരാനില്ലെന്നേ. കാറ്റടിച്ചാൽ മല മാറുമോ? ജയം നമുക്കാ.

ചാക്കോ: ആളുകൾ വക്കൻസാറിനെ കാണണം, പ്രസംഗം കേൾക്കണം എന്നൊക്കെ പറഞ്ഞുശല്യപ്പെടുത്താൻ തുടങ്ങിയിട്ടുണ്ടു്.

വക്കൻ: എന്തു സ്നേഹമുള്ള ജനങ്ങൾ!

ചാക്കോ: ഞാൻ വന്നതു, പ്ലാവുങ്കോട്ട മൈതാനത്തു് ഒരു മീറ്റിംഗിനുള്ള എല്ലാ ഏർപ്പാടും ചെയ്തിട്ടുണ്ടു്. അഭ്യുക്ഷനെ കിട്ടിയിട്ടുണ്ടു്. പക്ഷേ, പ്രസംഗിക്കാനുള്ളയാളെ ഇതുവരെ കിട്ടിയിട്ടില്ല.

വക്കൻ: അതിനെന്താ ആരുമില്ലെങ്കിൽ ഞാൻ വരാമല്ലോ. [എഴുന്നേല്ക്കുന്നു.]

ഔസേ: ഇതെന്തു കൂത്താണു്. ഇങ്ങനെ കണ്ടതിനും കേട്ട

തിനും പോകാൻ തുടങ്ങിയാൽ പനി തലയ്ക്കു കയറി ആളു കാഞ്ഞുപോകും.

വക്കൻ: പൊതുഗുണത്തിനുവേണ്ടി ലോകത്തിലെപ്പോഴും ഒരു ന്യൂനപക്ഷം നശിക്കുകയും മരിക്കുകയും വേണം.

ബേബി: അപ്പാ, പ്രസംഗിക്കാൻ ഞാൻ പോകാം. അതിനു മാത്രമൊക്കെ ഞാനും പഠിച്ചിട്ടുണ്ട്.

ചാക്കോ: എങ്കിൽ ബേബിക്കുഞ്ഞു വന്നാലും മതി.

വക്കൻ: നീ പോകുന്നതിൽ എനിക്കു വിരോധമില്ല. സൂക്ഷിച്ചും വ്യക്തമായും സംസാരിക്കണം. സാധാരണക്കാരായിരിക്കും അധികവും.

ചാക്കോ: എങ്കിൽ, ഞങ്ങളും പോയിവരട്ടെ.

വക്കൻ: വേഗം പോകുക. ജയം നമുക്കായിരിക്കും.

[യവനിക.]

രംഗം ഒമ്പതു്

[ജോളിഹൗസു് സ. വിൽസൺ അസ്വസ്ഥനായി അങ്ങു മിങ്ങും നടക്കുന്നു. പുറത്തു മഴപെയ്യുന്നു.]

വിൽസൺ: [സ്വഗതം] തെണ്ടികൾ. എല്ലാം തെണ്ടികൾ. നശിക്കണം. എന്നെ തോല്പിക്കാൻ ക്രൂടിയ പിശാചുക്കൾ! ദ്രോഹികൾ! അവനെവിടെ? ഡോക്ടർ! അവന്റെ നോട്ടവും വരവും. അവന്റെ ശേഖർ! ഉണ്ടായ പണവും പോയി; രണ്ടുമുറി പുരയിടവും വിറ്റു. അവന്മാരുടെ പാർട്ടി. മനുഷ്യനെ നശിപ്പിക്കാൻ നടക്കുന്ന പൊളിഞ്ഞ പാർട്ടി.

[മാത്തു പ്രവേശിക്കുന്നു.]

മാത്തു: ഓ, എന്തൊരു മഴ. അല്ല, ഇപ്പോഴും പ്രസംഗിച്ചു പഠിക്കുവാണോ? അപ്പോൾ, ഞാൻ കേട്ടതു ചേട്ടൻ തോറ്റന്നാണല്ലോ.

വിൽ: നിന്നോടു ചോദിച്ചോടാ?

മാത്തു: ആരും ചോദിച്ചിട്ടു പറഞ്ഞതല്ല.

വിൽ: പോടാ തെണ്ടി. നീയും ദ്രോഹി. പോ അപ്പുറത്തു്.

മാത്തു: ഞാൻ പോയേക്കാം. എന്തിനു പ്രസംഗത്തിനു ശല്യമുണ്ടാക്കുന്നു. ആളാരേം കിട്ടീല്ലെങ്കിൽ ഇനി ഈ മാത്തുവിനോടു പ്രസംഗിക്കാമല്ലോ.

വിൽ: നിന്നോടു നിറുത്താനല്ലേ പറഞ്ഞതു്. [അടിക്കാൻ കൈയോങ്ങുന്നു.]

മാത്തു: വന്നകാര്യം പറയട്ടെ. എന്നിട്ടു തല്ലിക്കോ.

വിൽ: എന്തോന്നാടാ. പറഞ്ഞുതുലയ്ക്കടാ.

മാത്തു: അവന്മാര് ദ്രോഹികളാണ ചേട്ടാ, കള്ളന്മാർ. ചേട്ട ന്റെ കെട്ട്യോര് എവിടെയാണെന്ന വല്ല പിടിയും കിട്ടിയോ?

വിൽ: നീ കണ്ടോ?

മാത്തു: കണ്ടോന്ന്. ചോദിക്കണ ചോദ്യം കേട്ടില്ലേ. ഞാൻ റെയിൽവേസ്റ്റേഷനിൽവച്ചാണ കണ്ടത്. നമ്മുടെ ശേഖരും ഡോക്ടർസാറുംകൂടി തീവണ്ടിയിലേക്ക കേറാൻ പോണ. ഞാനങ്ങു ചെന്നപ്പോൾ നമ്മുടെ ചേട്ടത്തി അകത്തുണ്ട്.

വിൽ: ങാ, എന്നിട്ട്? അവരെ ഞാൻ [കോപിക്കുന്നു.]

മാത്തു: കോപിക്കാതെ. എന്നെ കണ്ടപ്പം അവര പത്തു രൂപായുടെ ഒരു പച്ചനോട്ടിങ്ങു തന്നു. [നോട്ട മടിയിൽ നിന്നെടുക്കുന്നു] എന്നിട്ട പറകയാണ്, മിണ്ടിപ്പോയാൽ കൊന്നുകളയുമെന്ന്. ഞാൻ മിണ്ടുമോ. നല്ല കളിയായിപ്പോയി. ഞാൻ ചുറും നോക്കി. പരിചയക്കാര വല്ലോരുമുണ്ടോന്ന്.

വിൽ: എന്നിട്ട്, പറയടാ.

മാത്തു: അവസാനം വണ്ടി നീങ്ങിയപ്പം ഞാൻ വലിച്ചൊരോട്ടം കൊട്ത്തു. അവന്മാര ജനങ്ങളെ പൊക്കാൻ നടക്കുന്നു! ഞാൻ ദെ, പോണേ. [മാത്തു പോകുന്നു.]

വിൽ: എല്ലാം കള്ളന്മാർ. എന്റെ പണം തട്ടിക്കൊണ്ടുപോയതു മതിയാകാഞ്ഞിട്ട് എന്റെ ഭാര്യയേയും അപഹരിച്ചുകൊണ്ടുപോയ കൂട്ടുബന്ധുക്കൾ. [ഒരു ഭ്രാന്തനെപ്പോലെ ചുറും നോക്കുന്നു] ഓ, നശിച്ച വർഗ്ഗങ്ങൾ! അല്ലെങ്കിൽ, അവരെ എന്തിനു പഴിക്കുന്നു. [വന്ന കസേരയിൽ ചിന്താധീനനായി ഇരിക്കുന്നു] അന്ന് എന്റെ ചേട്ടൻ പറഞ്ഞത് എത്ര ശരിയാണ്. [സ്വല്പം കഴി

ഞ്ഞിട്ട്, സ്വഗതം] "അനിയാ. ഇന്നു നിന്റെക്കൂടെ കൂടിയിരിക്കുന്നവർ നിന്റേം ചെമ്പുനാണയത്തിന്റേം കിലുക്കം കേട്ടു വന്നിട്ടുള്ളവരാണു്. ആ കിലുക്കം അവസാനിക്കുമ്പോൾ അവരും അകന്നുപോകും" അതെ, ആ കിലുക്കം! അതവസാനിച്ചു. ചേട്ടന്റെ വാക്കുകൾ എത്ര വാസ്തവം. ഇന്നെനിക്കാരുമില്ല. [എഴുന്നേല്ക്കുന്നു] എനിക്കുവേണ്ടി പണിയെടുത്തുതളർന്ന ആ മഹാത്മാവിനെ ഞാൻ അവമാനിച്ചു. ഞാൻ ദ്രോഹി! ചേട്ടാ, ഞാനാണു ദ്രോഹി! അങ്ങാണു് എന്നെ പോററിയതു്. ചേട്ടാ, ചേട്ടാ.... [ഭ്രാന്തനെപ്പോലെ പുറത്തേക്കു പോകുന്നു. പുറത്തു നല്ല മഴയും കാററും—അണിയറയിൽ.]

മാത്തു: [ഓടിവരുന്നു. കൈയിൽ കുടയുണ്ടു്] അല്ലാ, അങ്ങു പോയോ? കൊടയെടുക്കാൻ മറന്നുപോയോ. ഈ മഴയത്തു്. അറിയാത്ത പിള്ളയ്ക്കു ചൊറിയുമ്പോൾ അറിയാന്നു പറേണതു്. ദേ, ഓട്ടു്. ദെ, ഇപ്പം ഓട്ടം പിടിക്കുന്നു. [ദൂരെ നോക്കിയിട്ടു്] അല്ല, ഇപ്പം ചൊറിഞ്ഞാലും പാറിക്കാത്ത കുട്ടമാ മിക്കവരും.

മാത്തു: [ഉച്ചത്തിൽ.] ചേട്ടാ! ദെ, കൊട. ഇന്നാ. [പുറത്തേക്കു പോകുന്നു.]

[യവനിക.]

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

CT Library
00003870
T62 AR76